കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കിഴപറമ്പ് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

നം.കെ.എസ്.എ.എം.പി.എം.22/213/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തീയതി 01/03/2019

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കിഴുപറമ്പ് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കിഴുപറമ്പ് ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്
**************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴുപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം.

4)കാര്യാലയ പകർപ്പ്.

എബികെ

നം. കെ.എസ്.എ.എം.പി.എം.22/213/2019

തിയ്യതി: 01/03/2019

## മലപ്പുറം ജില്ലയിലെ കിഴുപറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

മലപ്പുറം ജില്ലയിലെ കിഴുപറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 09.08.2017 മുതൽ 13.01.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 08 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ

---------------------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 14-01-2019 മുതൽ 24-01-2019 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. അബ്ദുള്ള. എ സി | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ. എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. സുജാത എം | ഓഡിറ്റർ |
| ശ്രീ. മുഹമ്മദ് നൗഷാദ് എ.കെ | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. പി.കെ. കമ്മദ് കുട്ടി | 01.04.2017 മുതൽ 31.03.2018വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. ജി. ചന്ദ്രഹാസൻ, സെക്രട്ടറി | 01.04.2017 മുതൽ 19.04.2017 വരെ |
| ശ്രീ. പി.ടി. അബ്ദുൽ സലാം, സെക്രട്ടറി | 20.04.2017 മുതൽ 13.06.2017 വരെ |
| ശ്രീ. ഉദയഭാനു എം.പി, സെക്രട്ടറി | 14.06.2017 മുതൽ 30.06.2017 വരെ |
| ശ്രീ. ജെയ് എം.എ, അസി. സെക്രട്ടറി(സെക്രട്ടറി ഇൻ ചാർജ്ജ്) | 01.07.2017 മുതൽ 21.08.2017 വരെ |
| ശ്രീ. ജോയ് ജോൺ, സെക്രട്ടറി | 22.08.2017 മുതൽ 31.03.2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ. ജി. ചന്ദ്രഹാസൻ | 01.04.2017മുതൽ19.04.2017വരെ |
| | ശ്രീ. പി.ടി. അബ്ദുൽ സലാം, സെക്രട്ടറി | 20.04.2017മുതൽ13.06.2017 വരെ |
| | ശ്രീ. ഉദയഭാനു എം.പി, സെക്രട്ടറി | 14.06.2017മുതൽ30.06.2017 വരെ |
| | ശ്രീ. ജെയ് എം.എ, അസി. സെക്രട്ടറി(ഇൻ ചാർജ്ജ്) | 01.07.2017മുതൽ21.08.2017 വരെ |
| | ശ്രീ. ജോയ് ജോൺ, സെക്രട്ടറി | 22.08.2017മുതൽ31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ജെയ് എം.എ | 01.04.2017മുതൽ31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. ഷൗക്കത്തലി. പി | 01.04.2017മുതൽ31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. വിമൽ ബാബു. എ.കെ | 01.04.2017മുതൽ 31.03.2018വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ഷഹന സി | 01.04.2017മുതൽ31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. രജിത ജോസഫ് | 01.04.2017മുതൽ14.08.2017 വരെ |
| | ഡോ. പ്രിയ എ.ആർ | 15.08.2017മുതൽ31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ലിജിത എസ് | 01.04.2017മുതൽ31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. മുഹമ്മദ് ഇ | 01.04.2017മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. അബ്ദുള്ള. പി | 01.04.2017മുതൽ31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദ) | ഡോ. എം.പി അബ്ദുൽ ഗഫൂർ | 01.04.2017മുതൽ31.03.2018 വരെ |

## ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം(റസീപ്റ്റ്&പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |

| | | |
|---|---|---|
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 13 | തൊഴിൽ നികുതി-ഈടാക്കുന്നില്ല, ഈടാക്കാനവശേഷിച്ച 10670/-രൂപ അടവാക്കി. | 2-1 |
| 14 | ഡി&ഒ ലൈസൻസ് ഫീസ് കുറവായി ഈടാക്കി,2500/-രൂപ അടവാക്കി | 2-2 |
| 15 | ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി അടവാക്കാതെയും റേഷൻകടകൾ പ്രവർത്തിക്കുന്നു. | 2-3 |
| 16 | കെട്ടിടനിർമ്മാണ അപേക്ഷ /അപേക്ഷ രജിസ്റ്റർ എന്നിവയുടെ സൂക്ഷിപ്പിലെ അപാകതകൾ. | 2-4 |
| 17 | കെട്ടിട പെർമിറ്റ് ഫീസ് കുറവായി ഈടാക്കി | 2-5 |
| 18 | പഞ്ചായത്ത് വക ഫലവൃക്ഷങ്ങളുടെ മേലനുഭവം- ലേലം - ജി.എസ്.ടി കുറവായി ഈടാക്കി | 2-6 |
| 19 | ഇ. ടെണ്ടർ - ടെണ്ടർ ഫീപഞ്ചായത്തിൽ അടച്ചില്ല. | 2-7 |
| 20 | നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല. | 2-8 |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 21 | വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികളിലെ ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്തിയില്ല. | 3-1 |
| 22 | അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം-ഗുണമേൻമ ഉറപ്പുവരുത്തിയില്ല. | 3-2 |
| 23 | ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് /തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല. | 3-3 |
| 24 | മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല. | 3-4 |
| 25 | അങ്കണവാടികളിൽ ഭൌതിക സൌകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയില്ല | 3-5 |
| 26 | എസ്.സി വിദ്യാർത്ഥികൾക്കുള്ള എസ് .എസ്.എ വിഹിതം - വിനിയോഗ വിവരം ലഭ്യമാക്കിയില്ല. | 3-6 |
| 27 | എസ്സ്.സി വിവാഹ ധനസഹായം - അധിക തുക അനുവദിച്ചു | 3-7 |
| 28 | കുടിവെള്ള ടാങ്ക് നൽകൽ എസ്.സി വനിത - പദ്ധതി നിർവഹണത്തിലെ അപാകതകൾ | 3-8 |
| 29 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - രേഖകൾ ഹാജരാക്കിയില്ല. | 3-9 |
| 30 | പൊതു മരാമത്ത് പ്രവൃത്തികൾ; അവലോകനം | 3-10 |
| 31 | മരാമത്ത് പ്രവൃത്തിക്ക് അധികം തുക നൽകി ₹ 12547 നഷ്ടം | 3-11 |
| 32 | പി.ഡബ്ല്യു.ഡി മാന്വൽ നിർദേശങ്ങൾ പാലിക്കുന്നില്ല. | 3-12 |
| 33 | ആനക്കല്ല് കിണർപ്രവൃത്തി - ₹ 19052 നഷ്ടം | 3-13 |
| 34 | ടെണ്ടർ നടപടികളിൽ സുതാര്യതയും മത്സര ക്ഷമതയും ഉറപ്പാക്കുന്നില്ല. | 3-14 |
| 35 | ആദായ നികുതി കുറവായി ഈടാക്കിയത് ₹ 17001 തിരിച്ചടച്ചു | 3-15 |
| 36 | ആശ്രയ പദ്ധതി | 3-16 |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 37 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 38 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 40 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 41 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 42 | ഓഡിറ്റ് റിക്കവറി | 4-6 |
| 43 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 44 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 47 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 |
| 48 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 2 |
| 49 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 3 |
| 50 | ബാലൻസ് ഷീറ്റ് | 4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2017-18 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | പുതുക്കിയ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി |
|---|---|
| 1(1) Dtd. 30.03.2017 | 2(1) Dtd. 28-03-2018 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 21.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20.06.2018 മുതൽ 21.06.2018 വരെ. | കെ.എസ്.എ.എം.പി.എം 22/1660 /2018/03.08.2018 |

## 1-4 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെൻറ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7290891 |
| വരവ് | 63459930 |
| ആകെ | 70750821 |
| ചെലവ് | 65329372 |
| നീക്കിബാക്കി | 5421449 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 9153744 | 9153744 | 7871880 | 1281864 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 4785634 | 4785634 | 4754141 | 31943 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 18508649 | 18508649 | 18379352 | 129297 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2999194 | 2999194 | 2968378 | 30816 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 4287908 | 4287908 | 4258392 | 29516 |
| കെ.എൽ.എസ്.ജി.ഡി.പി | സംസ്ഥാനം | 0 | 569009 | 569009 | 569009 | 0 |
| | കേന്ദ്രം | 0 | 2875641 | 2875641 | 1579326 | 1296315 |
| KGB – റിലീഫ് ഫണ്ട് | | 1250 | 2290 | 3540 | 38 | 3502 |
| KGB – സാക്ഷരത | | 97543 | 155191 | 252734 | 223600 | 29134 |
| SMGB-ടി.എസ്.സി | | 379715 | 15375 | 395090 | 0 | 395090 |
| എൻ.ആർ.ഇ.ജി.എസ് | ഭരണം | 57415 | 519688 | 577103 | 567056 | 10047 |
| | കൂലി | 0 | 7014945 | 7014945 | 7014945 | 0 |
| ജോയിന്റ് വെഞ്ചർ | ബ്ലോക്ക് പഞ്ചായത്ത് | 400000 | 524856 | 924856 | 801032 | 123824 |
| | ജില്ലാ പഞ്ചായത്ത് | 0 | 0 | 597750 | 585000 | 12750 |
| ടി.എസ്.സി | | 203823 | 58940 | 262763 | 28461 | 234302 |
| ബി ഫണ്ട് | | 0 | 31095240 | 31095240 | 31095240 | 0 |
| തനത് ഫണ്ട്-ബാങ്ക് അക്കൗണ്ട് | | 2531308 | 14317819 | 16849127 | 12783702 | 4065425 |
| തനത് ഫണ്ട്-ട്രഷറി അക്കൗണ്ട് | | 4279132 | 9331711 | 13610843 | 12754859 | 855984 |
| VPFA 1-2 | | 1339 | 0 | 0 | 0 | 1339 |
| എസ്.ബി.ടി A/c.67150593294 | | 836 | 0 | 0 | 0 | 836 |
| എസ്.ബി.ടി-SSA | | 6393 | 238 | 6631 | 0 | 6631 |
| എസ്.ബി.ഐ-E-payment | | 2514 | 80268 | 82782 | 50649 | 32133 |
| KGB –ഹരിയാലി | | 1195 | 0 | 0 | 0 | 1195 |
| ടി.എസ്.ബി-ജോയിന്റ് വെഞ്ചർ | | 0 | 2414425 | 2414425 | 2424606 | 10181 |

കുറിപ്പ്: ആകെ 123824/-(121106+2718) രൂപയാണ് ശരിയായ ജോയിന്റ് വെഞ്ചർ നീക്കിയിരിപ്പ്, ഇതിൽ 102718/-(100000+2718) രൂപ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്താൻ വിട്ടുപോയതിനാലാണ് ബാലൻസ് ഷീറ്റിലെ ബാലൻസ് 21106/- എന്ന് വന്നതെന്നും വിട്ടുപോയ തുക അടുത്ത വർഷം ഉൾപ്പെടുത്തി ക്രമീകരിച്ചതായും അക്കൗണ്ടന്റ് അറിയിച്ചു

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 330 | 67124370 | 280 | 51733803 | 5 | 45 | 77 |

പാതി വഴിയിൽ ഉപേക്ഷിച്ച് പാഴ്ച്ചെലവായ പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 57415 | 519688 | 577103 | 567056 | 10047 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 7014945 | 7014945 | 7014945 | 0 |
| ആകെ | 57415 | 7534633 | 7592048 | 7582001 | 10047 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 248640 | 471 |
| കർഷകതൊഴിലാളിപെൻഷൻ | 6720200 | 587 |
| വിധവാപെൻഷൻ | 8504900 | 711 |
| വാർദ്ധക്യകാലപെൻഷൻ | 11884000 | 928 |
| വികലാംഗപെൻഷൻ | 3241600 | 287 |
| വിവാഹ ധനസഹായം | 300000 | 10 |
| 50 വയസിനുമുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 195900 | 17 |

## 1-9 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.01.2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. നീക്കിയിരിപ്പ് തുക ബാങ്കിലടവാക്കിയിരുന്നതിനാൽ ബാലൻസ് ഒന്നും തന്നെ അവശേഷിക്കുന്നില്ല.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തെരുവ് വിളക്ക്,വാട്ടർ ടാപ്പുകൾ എന്നിവയുടെ വിവരം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
2. സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.
3. തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല, ട്രൈഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല.
4. കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും കൂടുതൽ വ്യക്തതയും സുതാര്യതയും കാര്യക്ഷമതയും ഉണ്ടാകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 02.12.2015ൽ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 12900/ആർ.എ1/2015/ തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പഞ്ചായത്തിൽ പാലിക്കുന്നില്ല
5. അസി. എഞ്ചിനിയർ, വി.ഇ.ഒ, ഹെഡ്മാസ്റ്റർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ 7എ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.
6. ഫ്രണ്ട് ഓഫീസ് ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററിൽ അപേക്ഷ കൈപ്പറ്റിയ തിയതി എല്ലാ സെക്ഷനുകളും രേഖപ്പെടുത്തുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.11.2018 | 01.09.2018 മുതൽ 31.10.2018 വരെ | 22-11-2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.08.2010 മുതൽ 28.08.2010 വരെ | 2004 - 05 മുതൽ 2009 - 10 വരെ | 28.09.2010 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

കെ.എസ്.എ.എം.പി.എം 22/1660/2018/03.08.2018 നമ്പർ ഓഡിറ്റ് സർട്ടിഫിക്കറ്റിൽ പരാമർശിച്ച വാർഷികകണക്കുകളിലെ ചുവടെ ചേർത്ത അപാകതകൾ ഇനിയും പരിഹരിച്ചിട്ടില്ല.

1. അസറ്റ് രജിസ്റ്ററിൽ ആസ്തികളുടെ വില രേഖപ്പെടുത്തിയിട്ടില്ല.
2. ഫൈനൽ ബിൽ നൽകിയ വർക്കുകൾ ആസ്തിയിൽ വരവ് വെക്കുകയോ വർക്ക് ഷീറ്റ് ഹാജരാക്കുകയോ ചെയ്തിട്ടില്ല.
3. മെഡിക്കൽ ഓഫിസർ (ഹോമിയോ) 7എ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.
4. ബാലൻസ് ഷീറ്റിൽ "State Govt. cesses/levies in property tax"(Library cess) എന്ന ഇനത്തിലെ തുകയും ബാലൻസ് ഷീറ്റിലെ ((വസ്തു നികുതി കുടിശ്ശിക+ തൻവർഷ കുടിശ്ശിക)x5)105)ഉം തമ്മിൽ വ്യത്യാസം കാണുന്നു.
5. മുൻ വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ സൂചിപ്പിച്ച മുഴുവൻ അപാകതകളും പരിഹരിച്ചിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി-ഈടാക്കുന്നില്ല, ഈടാക്കാനവശേഷിച്ച 10670/-രൂപ അടവാക്കി.

2017-18 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരമുള്ള തൊഴിൽ/സ്ഥാപന നികുതി ഓഡിറ്റ് വർഷത്തിൽ ചില വ്യക്തികളിൽ/സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിരുന്നില്ല. മാത്രമല്ല, ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് കാര്യാലയം ഉൾപ്പടെയുള്ള ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതികൾ ഈടാക്കിയിരുന്നില്ല. അപാകത സൂചിപ്പിച്ച് ഓഡിറ്റ് അന്വേഷണ കുറിപ്പ് (നം.03/18-01-19) നൽകിയതിൽ, ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലേതും മറ്റ ചില സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതികൾ ആകെ 10670/-രൂപ ഓഡിറ്റ് വേളയിൽ 18-01-19, 19-01-19, 24-01-19 എന്നീ തിയ്യതികളിലെ യഥാക്രമം 118060105179,80, 118060105146,64,65,118060105279,80 എന്നീ രസീതുകൾ പ്രകാരം അടവാക്കിയതായി അറിയിച്ചു.

എന്നാൽ ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിലും(2015-16) മേൽ ഓഡിറ്റ് അന്വേഷണ കുറിപ്പിലും പരാമർശിച്ചിട്ടും നാളിതുവരെ ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | അൽ അൻവാർ ഐ.ടി.സി, കുനിയിൽ | I, II |
| 2 | സെൻട്രൽ വാട്ടർ കമ്മീഷൻ ഓഫീസ്, കുനിയിൽ | I, II |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതികൾ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചതായും അടവാക്കുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.03/18-01-19) ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചു. തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതും തൊഴിൽ നികുതികൾ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 2-2 ഡി&ഒ ലൈസൻസ് ഫീസ് കുറവായി ഈടാക്കി,2500/-രൂപ അടവാക്കി

2017-18 സാമ്പത്തിക വർഷത്തെ ഡി&ഒ ലൈസൻസ് അപേക്ഷകളും അനുബന്ധ രജിസ്റ്ററുകളും പരിശോധിച്ചതിൽ കേരള പഞ്ചായത്ത് രാജ്(ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ),1996 ചട്ടങ്ങൾ പ്രകാരം ഡി&ഒ ലൈസൻസിനായി സമർപ്പിച്ച, എം പി ഹാജിറ(ഹൈപ്പോയിന്റ് ഫ്യുവൽസ് -പത്തനാപുരം),സൈഫുദ്ധീൻ(ചെറുപാറ ഫ്യുവൽസ്-വാലില്ലാപുഴ)എന്നീ അപേക്ഷകരിൽ നിന്നും ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയിരുന്നില്ല.

മേൽ സ്ഥാപനങ്ങളിൽ/അപേക്ഷകരിൽ നിന്നും ലൈസൻസ് ഫീസുകൾ കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(നം.01/18-01-19) ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് ഫീസ് ഇനത്തിൽ കുറവ് വന്ന തുക ആകെ 2500/-(2000+500)രൂപ ഓഡിറ്റ് വേളയിൽ

22-01-2019 ലെ 118060105219, 23-01-2019 ലെ 118060105248 എന്നീ രസീതുകൾ പ്രകാരം അടവാക്കി അറിയിച്ചു.

ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും, പഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളും കാലാവധിയുള്ള ലൈസൻസോടു കൂടിയാണോ പ്രവർത്തിക്കുന്നതെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുകയും ലൈസൻസില്ലാത്ത പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമപരമായ നടപടികൾ കൈകൊണ്ട് ഈയിനത്തിലുള്ള കൃത്യമായ വരവ് പഞ്ചായത്തിന് ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സെക്രട്ടറിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ചേർന്ന് സ്വീകരിക്കേണ്ടതാണ്.

## 2-3 ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി അടവാക്കാതെയും റേഷൻകടകൾ പ്രവർത്തിക്കുന്നു.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ലൈസൻസ് എടുത്തിട്ടില്ല. ലൈസൻസ് രജിസ്റ്ററിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ ചുവടെ പട്ടികയിൽ ചേർത്ത 7 റേഷൻ കടകൾ പ്രവർത്തിക്കുന്നതായും അവക്ക് ലൈസൻസ് നൽകിയിട്ടില്ല, അവ തൊഴിൽ നികുതിയും അടവാക്കിയിട്ടില്ല എന്ന് ഇത് സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(നം.02/18-01-19) ന് ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചു.

ഗ്രാമപഞ്ചായത്ത് പരിധിയിലെ റേഷൻകടകൾ:

| ക്രമ നം | ലൈസൻസിയുടെ പേര് | പ്രവർത്തിക്കുന്ന വാർഡ് |
|---|---|---|
| 1 | ശ്രീ. സുരേഷ് | വാർഡ്-II |
| 2 | ശ്രീ. ഫായിസ് | വാർഡ്-VI |
| 3 | ശ്രീ. മുഹമ്മദ് | വാർഡ്-VII |
| 4 | ശ്രീ. അബ്ദുൽ ലത്തീഫ് | വാർഡ്-X |
| 5 | ശ്രീ. പ്രഭാകരൻ | വാർഡ്-XI |
| 6 | ശ്രീ. ആലിക്കുട്ടി ടി | വാർഡ്-XIII |
| 7 | ശ്രീ. അബൂബക്കർ | വാർഡ്-XIII |

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മേൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കുന്നതിനും നടപടി സ്വീകരിക്കണ്ടതും ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കി ലൈസൻസ് അനുവദിച്ച് തൊഴിൽ നികുതി ഈടാക്കുകയും ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 2-4 കെട്ടിടനിർമ്മാണ അപേക്ഷ /അപേക്ഷ രജിസ്റ്റർ എന്നിവയുടെ സൂക്ഷിപ്പിലെ അപാകതകൾ.

2017-18 സാമ്പത്തിക വർഷത്തെ കെട്ടിട നിർമ്മാണം/വസ്തു നികുതി ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ,കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും കൂടുതൽ വ്യക്തതയും സുതാര്യതയും കാര്യക്ഷമതയും ഉണ്ടാകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 02.12.2015ൽ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 12900/ആർ.എ1/2015/ തസ്വഭവ നമ്പർ ഉത്തരവിലെ താഴെ പറയുന്ന നിർദ്ദേശങ്ങൾ പൂർണ്ണമായും പഞ്ചായത്തിൽ പാലിക്കുന്നില്ല.

(1).ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കപ്പെടുന്ന എല്ലാ കെട്ടിട നിർമ്മാണ അപേക്ഷകളും (അപൂർണ്ണമോ അപാകതയുള്ളതോ ആയ അപേക്ഷകൾ ഉൾപ്പെടെ), ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറണ്ട് നമ്പറിന്റെ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ അപേക്ഷ സംബന്ധമായ മുഴുവൻ വിവരങ്ങളും വ്യക്തമായും പൂർണ്ണമായും വൃത്തിയായും രേഖപ്പെടുത്തേണ്ടതാണ്.

(2).ഫ്രണ്ട് ഓഫീസിൽ നിന്നു നൽകുന്ന കറണ്ട് നമ്പറിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ ഫയലിന് നമ്പർ നൽകേണ്ടതാണ്. പിന്നീട് പ്രസ്തുത ഫയലിലുണ്ടാകുന്ന വിനിമയങ്ങൾ, നോട്ടീസുകൾ , ഉത്തരവുകൾ, നടപടിക്രമങ്ങൾ, പെർമിറ്റ്, ഒക്യുപെൻസി മുതലായവയെല്ലാം ഈ ഫയൽ നമ്പരിലാണുണ്ടാകേണ്ടത്. കെട്ടിട നിർമ്മാണ അപേക്ഷാ ഫയലിൽ നോട്ടു ഭാഗവും കറസ്പോണ്ടൻസ് ഭാഗവും ഉണ്ടായിരിക്കേണ്ടതാണ്. ഇവയിൽ രേഖപ്പെടുത്തലുകൾ , ഫയൽ സംബന്ധമായ വിവരങ്ങൾ, മറ്റു രേഖകൾ എന്നിവ ക്രമാനുഗതമായി ഫയൽ നമ്പർ , പേജ് നമ്പർ എന്നിവ രേഖപ്പെടുത്തി ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

(3).കുറിപ്പുകൾ അപേക്ഷയിൽ തന്നെ എഴുതുന്ന രീതി പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. ഫയൽ പേജുകൾ ശരിയായ സമയക്രമത്തിൽ റ്റാഗ് ചെയ്ത് ചേർക്കേണ്ടതാണ്. നോട്ട് ഫയലിന്റെ എല്ലാ പേജിലും ഫയൽ നമ്പരും ,പേജു നമ്പരും രേഖപ്പെടുത്തേണ്ടതാണ്.

(4).അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി സൂക്ഷ്മ പരിശോധന നടത്തേണ്ടതും , എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിട നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്.

(5).അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസമുണ്ടെങ്കിൽ കാരണം രജിസ്റ്ററിലും ഫയലിലും വ്യക്തമായിരിക്കേണ്ടതാണ്. യഥാസമയം അപേക്ഷകനു നോട്ടീസ് നൽകേണ്ടതും ഇതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. നോട്ടീസ് സംബന്ധിച്ച് ഫയലിലെ നോട്ട് ഭാഗത്തും, കെട്ടിട നിർമ്മാണ രജിസ്റ്ററിലും രേഖപ്പെടുത്തലുകൾ ഉണ്ടായിരിക്കേണ്ടതാണ്.
അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(നം.14/23-01-19) മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിട നിർമ്മാണ അപേക്ഷ / അപേക്ഷ രജിസ്റ്റർ എന്നിവയിലെ അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

## 2-5 കെട്ടിട പെർമിറ്റ് ഫീസ് കുറവായി ഈടാക്കി

2017-18ലെ പെർമിറ്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങൾ പ്രകാരം കെട്ടിടത്തിന് അനുമതി നൽകിയപ്പോൾ ചുവടെ ചേർത്ത അപേക്ഷകനിൽ നിന്നും പെർമിറ്റ് ഫീസ് കുറവായി ഈടാക്കിയതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര്, പെർമിറ്റ് നമ്പർ | കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം/ തരം | ഈടാക്കിയ ഫീസ്,രസീത് നമ്പർ | ഈടാക്കേണ്ടിയിരുന്ന ഫീസ് | കുറവ് |
|---|---|---|---|---|
| മാനേജർ, എ.എം.എൽ.പി.എസ് കല്ലിങ്ങൽ, കിഴപറമ്പ്, A3-BA(49501)/2018 | 228.8 $m^{2-}$ ഒന്നാം നില ,സ്കൂൾ@5/$m^2$ | 745/-, 117060106035/09-03-18 | 1144/-(228.8x5=1144) | 399/- |

399/- രൂപയുടെ കുറവുണ്ട്. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(നം.13/23-01-19) മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന തുക 399/- രൂപ ഈടാക്കി അറിയിക്കേണ്ടതും അപാകതക്ക് വിശദീകരണം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

## 2-6 പഞ്ചായത്ത് വക ഫലവൃക്ഷങ്ങളുടെ മേലനുഭവം- ലേലം - ജി.എസ്.ടി കുറവായി

ഈടാക്കി

ലേലം രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ പഞ്ചായത്ത് വക ഫലവൃക്ഷങ്ങളുടെ മേലനുഭവം ലേലത്തിന് 2017-18ൽ ജി.എസ്.ടി വന്ന ശേഷവും 2018-19ലും മിക്ക ഇനങ്ങൾക്കും 18% ജി.എസ്.ടി ഈടാക്കിയതായും, എന്നാൽ 2017-18ൽ ലേലം കൊണ്ട ചുവടെ ചേർത്ത വ്യക്തികളിൽ നിന്നും ജി.എസ്.ടി കുറവായി ഈടാക്കിയതായും ഈയിനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചതായും കണ്ടു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ലേലം കൊണ്ട വ്യക്തിയുടെ പേര്, ലേലതുക | ജി.എസ്.ടി ഉൾപ്പടെ അടവാക്കിയ തുക,രസീത് നമ്പർ | 18% ജി.എസ്.ടി ഉൾപ്പടെ ഈടാക്കേണ്ടിയിരുന്ന തുക | കുറവ് |
|---|---|---|---|---|---|
| 1 | വലിയകുന്ന് സാംസ്കാരിക നിലയം കോമ്പൗണ്ടിലെ തെങ്ങുകളുടെ മേലനുഭവം | ശ്രീ. മുഹമ്മദ് എം.ടി, 1500/- | 1500+30/-, 117060103663/09-11-17, 117060103714/10-11-17 | 1500+270 | 240/- |
| 2 | പഞ്ചായത്ത് കോമ്പൗണ്ടിലെ കവുങ്ങുകളുടെ മേലനുഭവം | ശ്രീ. യു മൂസ്സ, 2000/- | 2000+240/-, 117060103662/9-11-17 | 2000+360 | 120/- |
| 3 | പത്തനാപുരം വിളയംകണ്ടം റോഡിലെ തെങ്ങുകളുടെ മേലനുഭവം | ശ്രീ. അബ്ദുൽ കരീം കാഞ്ഞിരാല, 1000/- | 1000+120/-, 117060104667/22-12-17 | 1000+180 | 60 |
| ആകെ കുറവ് | | | | | 420/- |

ആകെ 420/- രൂപയുടെ കുറവുണ്ട്. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(നം.15/23-01-19) മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന 420/- രൂപ ഈടാക്കി അറിയിക്കേണ്ടതും അപാകതക്ക് വിശദീകരണം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

## 2-7 ഇ. ടെണ്ടർ - ടെണ്ടർ ഫീപഞ്ചായത്തിൽ അടച്ചില്ല

2017-18 വർഷത്തിൽ പഞ്ചായത്തിൽ ഒരു പ്രൊജക്ടാണ് ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത് കരാറുകാരെ പ്രവൃത്തി ഏൽപിച്ച് നൽകിയത്.

ഇ ടെണ്ടർ നടത്തുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീ കരാറുകാർ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ഓൺ ലൈൻ ആയി അടവാക്കുകയാണ് ചെയ്യുന്നത്. എന്നാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നിട്ടില്ല.

മേൽ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാരിൽ നിന്ന് ഈടാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.മുൻവർഷങ്ങളിലും ഇത്തരത്തിൽ പഞ്ചായത്തിന് തുക ലഭിക്കാനുണ്ട്. തുക ലഭിക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടി വിവരം ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 2-8 നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കിവരുന്നുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേർസ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്. എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല.

ഭാവിയിൽ കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികളിലെ ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്തിയില്ല.

2017-18 സാമ്പത്തിക വർഷത്തിലെ സബ്സിഡി മാർഗ്ഗരേഖ (സ.ഉ (എം.എസ്) നമ്പർ.80/2017/തസ്വഭവ തിയ്യതി.03.04.2017) ഖണ്ഡിക 2.12 പ്രകാരം വാർഷിക വരുമാനം പൊതു വിഭാഗത്തിൽ ഒരു ലക്ഷം രൂപയും പട്ടിക ജാതി വിഭാഗത്തിന് രണ്ടു ലക്ഷം രൂപ വരെയും ഉള്ളവർക്കാണ് സബ്സിഡിക്ക് അർഹതയുള്ളൂ. ഖണ്ഡിക 2.15 (i) പ്രകാരം സർക്കാർ / അർദ്ധ സർക്കാർ / എയ്ഡഡ് / സഹകരണ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർ, പെൻഷനർ എന്നിവരിലാരെങ്കിലും ഉൾപ്പെടുന്ന കുടുംബത്തെ ജനറൽ 1 ലക്ഷം / പട്ടിക ജാതി 2 ലക്ഷം രൂപയിൽ കുറവ് വരുമാനം ഉള്ളവരായി കണക്കാക്കാവുന്നതല്ല.

എന്നാൽ ഓഡിറ്റ് വർഷത്തിൽ വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികളിലെ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചപ്പോൾ ഇപ്രകാരമുള്ള അർഹത ഉറപ്പ് വരുത്തിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1.സംരഭകർക്ക് തൊഴിൽ (കോഴി, താറാവ്, കാട) വനിത എസ്.സി

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 365/18 |
| ചെലവഴിച്ച തുക | 46, 125/- (എസ്.സി.പി) |
| ബിൽ നമ്പർ / തിയ്യതി | 6/17-18 തിയതി. 15.03.2018 |

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | സബ്സിഡി യായി അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | പ്രീജ മോൾ.പി.ബി, കുന്നത്ത് ഹൌസ് | 375 രൂപ | സംസ്ഥാനസർക്കാർ ജീവനക്കാരൻ ഉൾപ്പെടുന്ന കുടുംബം (മകൻ - [റേഷൻ കാർഡ് നമ്പർ. 2051035653] |
| 2 | ലീല.പി, പുളിക്കൽ ഹൌസ്, കുനിയിൽ | 375 രൂപ | സംസ്ഥാനസർക്കാർ ജീവനക്കാരൻ ഉൾപ്പെടുന്ന കുടുംബം (മകൻ - [റേഷൻ കാർഡ് നമ്പർ. 2051079825] |
| 3 | സുജാത മേലേപ്പുരക്കൽ, ഓത്തുപള്ളിപ്പുരയിൽ ഹൌസ് | 375 രൂപ | സംസ്ഥാനസർക്കാർ ജീവനക്കാരൻ ഉൾപ്പെടുന്ന കുടുംബം (ഭർത്താവ് - [റേഷൻ കാർഡ് നമ്പർ. 2051035840] |
| 4 | കാർത്ത്യായനി.കെ, W/O കീരൻ, ഓത്തുപള്ളിപ്പുരയിൽ ഹൌസ് | 375 രൂപ | സംസ്ഥാനസർക്കാർ ജീവനക്കാരൻ ഉൾപ്പെടുന്ന കുടുംബം (ഭർത്താവ് - [റേഷൻ കാർഡ് നമ്പർ. 2051044269] |
| 5 | ഗിരിജ.എസ്.കെ, ഓത്തുപള്ളിപ്പുരയിൽ ഹൌസ്, കീഴുപറമ്പ് | 375 രൂപ | സംസ്ഥാനസർക്കാർ ജീവനക്കാരൻ ഉൾപ്പെടുന്ന കുടുംബം (ഭർത്താവ് - [റേഷൻ |

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | സബ്സിഡി യായി അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|
| | | | കാർഡ് നമ്പർ. 2051035669] |
| 6 | കാളി.സി, തറമ്മൽ, പത്തനാപുരം | 375 രൂപ | കേന്ദ്രസർക്കാർ ജീവനക്കാരൻ ഉൾപ്പെടുന്ന കുടുംബം (മകൻ - [റേഷൻ കാർഡ് നമ്പർ. 2051044120] |
| 7 | സുചിത്ര.എസ്, കൈതമണ്ണിൽ ഹൌസ് | 375 രൂപ | സംസ്ഥാനസർക്കാർ ജീവനക്കാരൻ ഉൾപ്പെടുന്ന കുടുംബം (ഭർത്താവ് - [റേഷൻ കാർഡ് നമ്പർ. 2051135205] |
| 8 | ദേവി.കെ.എ | 375 രൂപ | സംസ്ഥാനസർക്കാർ ജീവനക്കാരൻ ഉൾപ്പെടുന്ന കുടുംബം (ഭർത്താവ് ) |

2.സംരഭകർക്ക് തൊഴിൽ (കോഴി, താറാവ്, കാട) വനിത

| | |
|---|---|
| പ്രൊജക്ട് നമ്പർ | 362/18 |
| ചെലവഴിച്ച തുക | 1,85,000/- വികസന ഫണ്ട് - ജനറൽ |
| ബിൽ നമ്പർ / തിയ്യതി | 5/17-18 തിയതി. 15.03.2018 |

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | സബ്സിഡി യായി അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | മൈമൂന, കുന്നത്തൊടി ഹൌസ് | 250 രൂപ | സർവ്വീസ് പെൻഷണർ - റേഷൻ കാർഡ് നമ്പർ 2051035771 |
| 2 | സുമയ്യ.സി, പിച്ചമണ്ണിൽ ഹൌസ് | 250 രൂപ | സംസ്ഥാനസർക്കാർ ജീവനക്കാരൻ ഉൾപ്പെടുന്ന കുടുംബം (ഭർത്താവ് - റേഷൻ കാർഡ് നമ്പർ. 2051120409] |
| 3 | കദീജ, കണ്ണൻതൊടി, കീഴുപറമ്പ് | 250 രൂപ | സംസ്ഥാനസർക്കാർ ജീവനക്കാരൻ ഉൾപ്പെടുന്ന കുടുംബം (മകൻ- റേഷൻ കാർഡ് നമ്പർ. 2051035813] |
| 4 | ഗിരിജ.സി, പറയാട്ട്, പത്തനാപുരം | 250 രൂപ | സർവ്വീസ് പെൻഷണർ - റേഷൻ കാർഡ് നമ്പർ 2051044251 |
| 5 | ആമിന.എൻ.വി, | 250 രൂപ | സംസ്ഥാനസർക്കാർ ജീവനക്കാർ ഉൾപ്പെടുന്ന കുടുംബം ( 2മക്കൾ, - റേഷൻ കാർഡ് നമ്പർ. 2051044435] |
| 6 | മറിയുമ്മ ബങ്കാളത്ത്, പൂവ്വത്തികണ്ടി ഹൌസ് | 250 രൂപ | വാർഷിക വരുമാനം- 1,44,360/- രൂപ റേഷൻ കാർഡ് നമ്പർ. |

| | | | |
|---|---|---|---|
| | | | 2051064845] |
| 7 | ഖൈറുന്നീസ, നെല്ലേരികുന്നത്ത് ഹൌസ്, കുനിയിൽ | 250 രൂപ | സംസ്ഥാനസർക്കാർ ജീവനക്കാരൻ ഉൾപ്പെട്ടുന്ന കുടുംബം (ഭർത്താവ് - റേഷൻ കാർഡ് നമ്പർ. 2051159974] |
| 8 | ലുബ്ന, ആശിയാന ഹൌസ്, തൃക്കളയൂർ | 250 രൂപ | സംസ്ഥാനസർക്കാർ ജീവനക്കാരൻ ഉൾപ്പെട്ടുന്ന കുടുംബം (ഭർത്താവ് - റേഷൻ കാർഡ് നമ്പർ. 2051159961] |
| 9 | മുംതാസ്,ബൈത്തുൽ ഹുദ, തൃക്കളയൂർ | 250 രൂപ | സർവ്വീസ് പെൻഷണർ - റേഷൻ കാർഡ് നമ്പർ 2051071031 |
| 10 | മുബീന മംഗലശ്ശേരി, വട്ടിക്കുത്ത്മൂല, വാലില്ലാപുഴ | 250 രൂപ | സംസ്ഥാനസർക്കാർ ജീവനക്കാരൻ ഉൾപ്പെട്ടുന്ന കുടുംബം (ഭർത്താവ് - റേഷൻ കാർഡ് നമ്പർ. 2051176118] |
| 11 | ശാഹിന.പി, | 250 രൂപ | സർവ്വീസ് പെൻഷണർ - റേഷൻ കാർഡ് നമ്പർ 2051022580 |
| 12 | ഹലീമ.എ, ആണിയിൽ ഹൌസ്, പത്തനാപുരം | 250 രൂപ | സംസ്ഥാനസർക്കാർ ജീവനക്കാരൻ- മകൻ, സർവ്വീസ് പെൻഷണർ - ഭർത്താവ് റേഷൻ കാർഡ് നമ്പർ 2051064847 |
| 13 | ആയിശ.പി.പി, കാരണത്ത് ഹൌസ് | 250 രൂപ | സർവ്വീസ് പെൻഷണർ - റേഷൻ കാർഡ് നമ്പർ 2051022580 |
| 14 | ഫാത്തിമകുട്ടി, പാമ്പാത്തൊടിയിൽ ഹൌസ് | 250 രൂപ | സർവ്വീസ് പെൻഷണർ - റേഷൻ കാർഡ് നമ്പർ 2051035548 |
| 15 | മറിയുമ്മ കാരാത്തൊടി | 250 രൂപ | വാർഷിക വരുമാനം- 1,62,000/- രൂപ റേഷൻ കാർഡ് നമ്പർ 2051035847 |
| 16 | ആമിന, പയ്യനാട്ടുതൊടി പട്ടോത്ത്ചാലിൽ, വാലില്ലാപ്പുഴ | 250 രൂപ | സംസ്ഥാനസർക്കാർ ജീവനക്കാരൻ- മകൻ, റേഷൻ കാർഡ് നമ്പർ 2051079736 |
| 17 | മൈമൂനത്ത്, പയ്യനാട്ടുതൊടി , കീഴ്പറമ്പ് | 250 രൂപ | സർവ്വീസ് പെൻഷണർ - റേഷൻ കാർഡ് നമ്പർ 2051079833 |
| 18 | ഫാത്തിമ കടവത്ത് | 250 രൂപ | സംസ്ഥാനസർക്കാർ ജീവനക്കാരൻ- മകൻ, റേഷൻ കാർഡ് നമ്പർ 2051044099 |
| 19 | കുഞ്ഞാമി.കെ, പൂഴിക്കുന്ന്, വാലില്ലാപ്പുഴ | 250 രൂപ | സർവ്വീസ് പെൻഷണർ - ഭർത്താവ് -റേഷൻ കാർഡ് നമ്പർ 2051071023 |
| 20 | നിഷ, വട്ടികുത്ത്മൂല വീട്ടിൽ, വാലില്ലാപ്പുഴ | 250 രൂപ | സംസ്ഥാനസർക്കാർ ജീവനക്കാരൻ- ഭർത്താവ്, റേഷൻ കാർഡ് നമ്പർ |

| | | | |
|---|---|---|---|
| | | | 2051159909 |
| 21 | സഫാ വർദത്ത്.പി.കെ, കക്കഴികുന്നത്ത് വീട്, കുനിയിൽ | 250 രൂപ | സംസ്ഥാനസർക്കാർ ജീവനക്കാരൻ- ഭർത്താവ്, റേഷൻ കാർഡ് നമ്പർ 2051159859 |
| 22 | മീനകുമാരി, ശുഭാപ്തി ശാന്തി നഗർ | 250 രൂപ | അപേക്ഷക സംസ്ഥാനസർക്കാർ ജീവനക്കാരി- റേഷൻ കാർഡ് നമ്പർ 2051044157 |
| 23 | നജീഹ.ടിപി | 250 രൂപ | വാർഷിക വരുമാനം- 6,00,000/- രൂപ റേഷൻ കാർഡ് നമ്പർ 2051020712 |
| 24 | ഹബീബ, കുനിയിൽ | 250 രൂപ | സംസ്ഥാനസർക്കാർ ജീവനക്കാരൻ- ഭർത്താവ്, റേഷൻ കാർഡ് നമ്പർ 2051020698 |
| 25 | സുഹറ.പി.സി, കുനിയിൽ | 250 രൂപ | സംസ്ഥാനസർക്കാർ ജീവനക്കാരൻ- മകൻ, റേഷൻ കാർഡ് നമ്പർ 2051035779 |
| 26 | നാസിറ.കെ.വി, പാന്തോട്ടത്തിൽ ഹൌസ്, കല്ലിങ്ങൽ | 250 രൂപ | അപേക്ഷകയും ഭർത്താവും സർവ്വീസ് പെൻഷണർ - റേഷൻ കാർഡ് നമ്പർ 2051072864 |
| 27 | മറിയക്കുട്ടി.ടി, കൊലത്തിക്കൽ, കീഴുപറമ്പ് | 250 രൂപ | സർവ്വീസ് പെൻഷണർ - ഭർത്താവ്-റേഷൻ കാർഡ് നമ്പർ 2051072858<br>വാർഷിക വരുമാനം-3,92,268/- രൂപ |
| 28 | ആമിന, തെക്കേടത്ത്, കീഴുപറമ്പ് | 250 രൂപ | വാർഷിക വരുമാനം-1,79,760/- രൂപ<br>റേഷൻ കാർഡ് നമ്പർ 2051072882 |
| 29 | ഷൈലാബി ചുണ്ടക്കാട്, മാരാൻകുളങ്ങര | 250 രൂപ | സംസ്ഥാനസർക്കാർ ജീവനക്കാരൻ- ഭർത്താവ്, റേഷൻ കാർഡ് നമ്പർ 2051160317 |
| 30 | വിശാലാക്ഷി.കെ, ശ്രീ രമ്യം പത്തനാപുരം | 250 രൂപ | സംസ്ഥാനസർക്കാർ ജീവനക്കാരൻ- ഭർത്താവ് , മകൻ വാർഷിക വരുമാനം-4,60,800/- രൂപ<br>റേഷൻ കാർഡ് നമ്പർ 2051044190 |
| 31 | ബീക്കുട്ടി.എം, അയ്യപ്പൻകാവിൽ, കീഴുപറമ്പ് | 250 രൂപ | സർവ്വീസ് പെൻഷണർ - ഭർത്താവ്-റേഷൻ കാർഡ് നമ്പർ 2051160068 |

| | | | |
|---|---|---|---|
| 32 | മുനീറ, ,ഓത്തുപള്ളിയിൽ, കീഴപറമ്പ് | 250 രൂപ | സംസ്ഥാനസർക്കാർ ജീവനക്കാരൻ- ഭർത്താവ് ,റേഷൻ കാർഡ് നമ്പർ 2051178727 |
| 33 | സുബൈദ.കെ, അയ്യപ്പൻകാവിൽ, കീഴപറമ്പ് | 250 രൂപ | അപേക്ഷക സർവ്വീസ് പെൻഷണർ<br>റേഷൻ കാർഡ് നമ്പർ 2051160074 |

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ.10/ 23.01.2019), ഗുണഭോക്തൃ ലിസ്റ്റ് 12.03.2018 ൽ ആണെന്നും തിരക്കിട്ട് പദ്ധതി നടപ്പിലാക്കിയപ്പോൾ 14.02.2018 ൽ ഇറങ്ങിയ 2018-19 വർഷത്തിലേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ) നം.22/2018 തസ്വഭവ തി.14.02.2018) അനുസരിച്ചാണ് ഇപ്രകാരം സബ്സിഡി അനുവദിച്ചതെന്നും 14.02.2018 ലെ ഓർഡർ പ്രകാരം മൃഗസംരക്ഷണ മേഖലയിൽ കുടുംബ വാർഷിക വരുമാനം 5 ലക്ഷം രൂപ വരെയുള്ളവർക്ക് ആനുകൂല്യം നൽകാവുന്നതാണ് എന്നുമാണ് വെറ്ററിനറി സർജൻ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതി നിർവ്വഹണം നടത്തുമ്പോൾ അതത് വർഷത്തേക്ക് ബാധകമായ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം-ഗുണമേൻമ ഉറപ്പുവരുത്തിയില്ല.

സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/-3458/12 തീ.26-3-13 കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ലാബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (2-11-12 ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ Deputy Technical Adviser,Ministry of Women & Child Development, Food & Nutrition Board Southern Region Govt.of India, 26, Haddows Road, Shastri Bhavan, Chennai എന്ന മേൽവിലാസത്തിൽ 250 രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്. 2017-18 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ അംഗനവാടി അനുപൂരക പോഷകാഹാര പരിപാടി (പ്രൊ.നം. 198/18) ഭാഗമായി ഗ്രാമപഞ്ചായത്തിൽ 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്കായി വിതരണം ചെയ്ത ന്യൂട്രിമിക്സ് പ്രീതി ഐശ്വര്യ ന്യൂട്രിമിക്സ് മേലാപ്പറമ്പ്, എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ ഇപ്രകാരമുള്ള ഗുണനിലവാര പരിശോധന സാക്ഷ്യപത്രം സ്ഥാപനം ലഭ്യമാക്കി കാണുന്നില്ല. ഭക്ഷ്യ മിശ്രിതത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാൻ നൽകിയ എൻക്വയറിക്ക് 09/23.01.2019 ന് മറുപടി ലഭ്യമാക്കിയില്ല. വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-3 ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് /തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല.

വിവിധ ഭവനനിർമ്മാണ പദ്ധതികളിൽ ധനസഹായം കൈപ്പറ്റി നിർമ്മാണം പൂർത്തിയാക്കാതെ അവശേഷിക്കുന്നവ പൂർത്തീകരിക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പ്രൊജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്ന് സ.ഉ (എം.എസ്)80/2017/തസ്വഭവ തീ.03.04.2017-സബ്സിഡി മാർഗ്ഗരേഖയിലൂടെ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. പൂർത്തീകരിക്കുന്നതിനുള്ള പരമാവധി തുക, വിവിധ ഘട്ടങ്ങൾ എന്നിവ സംബന്ധിച്ചുള്ള മാർഗ്ഗരേഖകൾ പിന്നീട് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഇതനുസരിച്ച് പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും തുക കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തിയാക്കാത്ത / കരാർ ലംഘിച്ച് അധിക വിസ്തൃതിയുള്ള വീടുകൾ നിർമ്മിച്ച താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ആകെ കൈപ്പറ്റിയ | അവസാന ഗഡു കൈപ്പറ്റിയതിന്റെ | എഗ്രിമെന്റ് വെച്ച് | റിമാർക്സ് |
|---|---|---|---|---|---|

| | | തുക | വിവരം | ഭവനനിർമ്മാണം തുടങ്ങിയ വർഷം | |
|---|---|---|---|---|---|
| 1 | ലിജിമോൾ, W/o രജീഷ്.സി, ചീരോളി ഹൌസ്, താഴത്തെതൊടി, കീഴപറമ്പ് | 75,000/- രൂപ | 05.04.2016 | 2015-16 | ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ നൽകിയ തുക പലിശസഹിതം തിരിച്ചുപിടിക്കാൻ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് വി.ഇ.ഒ 15.05.2018 ന് കത്ത് നൽകിയിട്ടുണ്ടെങ്കിലും നടപടി സ്വീകരിച്ചതായി കാണുന്നില്ല. |
| 2 | സൈഫുന്നീസ.സി, കട്ടക്കൻ, W/O ഉണ്ണീൻകുട്ടി,പട്ടാക്കൽ ഹൌസ്, ഓത്തുപള്ളിപ്പുറായ് | 50,000/- രൂപ | 16.04.2016 | 2014-14 | ഇരുനില വീട് നിർമ്മിച്ചിട്ടുണ്ട്. ആയതിനാൽ നൽകിയ തുക പലിശസഹിതം തിരിച്ചുപിടിക്കാൻ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് വി.ഇ.ഒ 15.05.2018 ന് കത്ത് നൽകിയിട്ടുണ്ടെങ്കിലും നടപടി സ്വീകരിച്ചതായി കാണുന്നില്ല. |
| 3 | ആയിശാബി, W/o വീരാൻകുട്ടി, മണ്ണിൽതൊടി ഹൌസ്, കീഴപറമ്പ് | 1,59,037/- രൂപ | 13.09.2017 | 2014-15 | ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. |
| 4 | റുഖിയ്യ, W/O ഹൈദ്രു, കണ്ടൻകുളങ്ങര, വാലില്ലാപ്പുഴ | 30,000/- രൂപ | 17.03.2014 | 2013-14 | 115 ച.മീ വിസ്തൃതിയുള്ള വീട് നിർമ്മിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 5 | ലീല, W/O സുബ്രഹ്മണ്യൻ, പട്ടീരി, കീഴപറമ്പ് | 30,000/- രൂപ | 21.05.2014 | 2012-13 | 99.9 ച.മീ വിസ്തൃതിയുള്ള വീട് നിർമ്മിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 6 | മുഹമ്മദ്.കെ ,കാരങ്ങാടൻ, S/O അഹമ്മദ്കുട്ടി, അരുക്കുഴിക്കാട്, വാലില്ലാപ്പുഴ | 22,500/- രൂപ | 11.04.2012 | 2010-11 | 12% പലിശയടക്കം തിരിച്ചടക്കാനും അല്ലാത്തപക്ഷം റവന്യൂ റിക്കവറി സ്വീകരിക്കുന്നതാണെന്നും 28.07.2016 ന് കത്ത് നൽകിയെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടില്ല. |
| 7 | ഇന്ദിര .ടി.കെ W/O ചന്ദ്രൻ തൊണ്ണത്ത്, നട്ടുതൊടിയിൽ, തൃക്കളയൂർ, വാലില്ലാപ്പുഴ | 90,000/- രൂപ | 31.01.2014 | 2012-13 | 103.76 ച.മീ വിസ്തൃതിയുള്ള വീട് നിർമ്മിച്ചതായി ബോധ്യപ്പെട്ടതിനാൽ അവസാന ഗഡു നൽകിയില്ല. തുക ഈടാക്കാനുള്ള നടപടിയുണ്ടായിട്ടില്ല. |

ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് /തുക തിരികെ

ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/23.01.2019) ക്രമ നമ്പർ 3 ൽ സൂചിപ്പിച്ച ആയിശാബി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും മറ്റുള്ള ഗുണഭോക്താക്കളിൽ നിന്നും തുക പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിക്ക് അപേക്ഷ നൽകുന്നതാണെന്ന് വി.ഇ.ഒ മറുപടി നൽകി . തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 3-4 മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല.

| പ്രൊജക്ട് നമ്പർ | 200/18 പി.എച്ച്.സിയിലേക്ക് മരുന്നുവാങ്ങൽ | 180/18 പരിരക്ഷ – ദീർഘകാല രോഗീപരിചരണം |
|---|---|---|
| വിനിയോഗിച്ച തുക | 1,50,000/- രൂപ | 80,000/- രൂപ |
| ബിൽ നമ്പർ / തിയ്യതി | 8/17-18 തിയ്യതി. 23.02.2018 | 6/17-18 തിയ്യതി. 15.02.2018 |
| ലഭ്യമായ മരുന്ന് | 1,05,713/- രൂപ | 73,735/- രൂപ |
| ലഭിക്കാനുള്ള മരുന്ന് | 44,287/- രൂപ | 6,265/-രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ), കീഴപറമ്പ് ഗ്രാമപഞ്ചായത്ത്. | |

പി.എച്ച്.സിയിലേക്ക് മരുന്നുവാങ്ങൽ, പരിരക്ഷ – ദീർഘകാല രോഗീപരിചരണം എന്നീ പദ്ധതികൾ പ്രകാരം യഥാക്രമം 1,50,000/- രൂപ, 80,000/- രൂപ എന്നിങ്ങനെ മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ടെങ്കിലും 1,79,448/- (1,05,713/- +73,735/- ) രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. 50,552 (44,287/- + 6,265/-) രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട്. . മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 7/21-01.1019 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ, ബാക്കി തുകക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനോട് 23.10.2018 ലെ 315/18 കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ചു . മരുന്നുകൾ ലഭ്യമാകുന്നതുവരെ ചെലവ് തുക 50,552 രൂപ തടസ്സം ചെയ്യുന്നു.

## 3-5 അങ്കണവാടികളിൽ ഭൗതിക സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയില്ല

കീഴപറമ്പ് ഗ്രാമപഞ്ചായത്തിൽ ആകെ 21 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയിൽ ചില അങ്കണവാടികൾ അടിസ്ഥാന സൌകര്യങ്ങൾ പോലുമില്ലാതെയാണ് പ്രവർത്തിക്കുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| സ്വന്തം കെട്ടിടം ഇല്ലാത്തവ | 2 |
| കുടിവെള്ള സൌകര്യമില്ലാത്തത് | 6 |
| ടോയ് ലറ്റ് സൌകര്യമില്ലാത്തത് | 1 |
| ചുറ്റുമതിൽ ഇല്ലാത്തവ | 8 |
| ജീർണ്ണാവസ്ഥയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 1 |

2017-18 വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ നിർദ്ദേശങ്ങൾ അനുസരിച്ച് അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ മറ്റ് ഭൗതിക സൌകര്യങ്ങൾ മുതലായവ പ്രദാനം ചെയ്യുന്നതിന് പ്രാധാന്യം നൽകുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് നിർദ്ദേശിക്കുന്നുണ്ട്. സ്വന്തം കെട്ടിടം ഇല്ലാത്ത 2 അങ്കണവാടികളിൽ ഒന്നിന് സ്ഥലം ലഭ്യമായിട്ടും കെട്ടിടം നിർമ്മിക്കാനായി പദ്ധതി രൂപീകരിച്ചിട്ടില്ല. കൂടാതെ വലിയ തുക ചെലവഴിക്കാതെ തന്നെ സ്വന്തമായി കിണറുള്ളവയിൽ മോട്ടോർ സ്ഥാപിച്ച് മറ്റ് ഭൌതിക സൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കാമെന്നിരിക്കെ ആയതിനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിലും ടോയ്‌ലറ്റ് സൌകര്യമില്ലാത്ത അങ്കണവാടി പ്രവർത്തിച്ചു

എന്നത് പദ്ധതി രൂപീകരണത്തിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ, പ്രാഥമിക സൗകര്യങ്ങൾ പോലുമില്ലാത്ത അങ്കണവാടികളിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ പദ്ധതികൾ രൂപീകരിക്കുന്നതിന് പ്രാധാന്യം നൽകാതെ പദ്ധതികൾ നടപ്പിലാക്കിയതായി കാണുന്നു. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് മുൻഗണനാ ക്രമം പാലിക്കാതെയാണ് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ- ഓർഡിനേഷൻ കമ്മിറ്റിയുടെ 12.07.2017 ലെ 2.9 തീരുമാനപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ പാടില്ല എന്നു നിർദ്ദേശിച്ച അങ്കണവാടികൾ എയർകണ്ടീഷന് ചെയ്യാനുള്ള പദ്ധതി നടപ്പിലാക്കിയതായും കാണുന്നു. അങ്കണവാടികളുടെ പ്രവർത്തനം ഫലപ്രദമാണ് എന്നുറപ്പുവരുത്താൻ അങ്കണവാടി വെൽഫയർ കമ്മിറ്റി, നിരീക്ഷണ കമ്മിറ്റി, ജനപ്രതിനിധികൾ എന്നിവരുടെ ഇടപെടലുകൾ നിരന്തരം ഉണ്ടാകുന്ന രീതിയിൽ അവയുടെ പ്രവർത്തനം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ ഇടപെടൽ മുഖേന ക്രമീകരിക്കേണ്ടതാണ്.

പദ്ധതി രൂപീകരണത്തിലെ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട എൻക്വയറിക്ക് (21/24.01.2019) മറുപടി ലഭ്യമാക്കിയില്ല.

## 3-6 എസ്.സി വിദ്യാർത്ഥികൾക്കുള്ള എസ് .എസ്.എ വിഹിതം - വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

| | |
|---|---|
| പദ്ധതി | എസ്.സി വിദ്യാർത്ഥികൾക്കുള്ള എസ് .എസ്.എ വിഹിതം<br>206/18 |
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| ചെലവ് | 50,000/- |
| ബിൽ നമ്പർ | 6/17-18 തിയതി. 26.10.2017 |

മേൽ പദ്ധതി പ്രകാരം എസ്.സി വിദ്യാർത്ഥികൾക്കുള്ള എസ് .എസ്.എ വിഹിതമായി 50,000/- രൂപ എസ് .എസ്.എ പ്രൊജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ആയതിനുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇനം തിരിച്ചുള്ള വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ചെലവ് തുക 50,000/- രൂപ തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നം. 16/23.01.2019 ന് മറുപടി ലഭിച്ചില്ല.)

## 3-7 എസ്സ്.സി വിവാഹ ധനസഹായം - അധിക തുക അനുവദിച്ചു

അസിസ്റ്റന്റ് സെക്രട്ടറി 2017-18 സാമ്പത്തിക വർഷത്തിൽ നിർവഹണം നടത്തിയ പട്ടിക ജാതിയിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹ ധനസഹായം നൽകൽ പ്രൊജക്ട് (പ്രൊജക്ട് നമ്പ്ര : 203/18) പ്രകാരം 6 ഗുണഭോക്താക്കൾക്ക് 75000 രൂപ വീതം 4,50,000 രൂപ അനുവദിച്ചിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്ത ബിൽ പ്രകാരം പിൻവലിച്ച തുകയിൽ ഒരു ഗുണഭോക്താവിന് അർഹമായതിലും അധികം തുക അനുവദിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

ബിൽ. 7/17-18 തിയതി 06.01.2018 – 1,50,000/- രൂപ

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വധുവിന്റെ പേര് | വിവാഹം നടന്ന തിയ്യതി | അനുവദിച്ച ധനസഹായം | അനുവദിക്കാവുന്ന ധനസഹായം |
|---|---|---|---|---|---|
| 1 | അജിത, w/o ദാസൻ മൂത്തേടൻ | വിസ്മയ.എം | 22.01.2017 | 75,000 രൂപ | 50,000/- രൂപ |

25000/- രൂപ അധികമായി അനുവദിച്ചു.

പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017-22) യിലെ ആദ്യ വർഷ പദ്ധതി (2017-18) തയ്യാറാക്കുന്നതിനുള്ള 2017-18 ലെ പുതുക്കിയ മാർഗ്ഗരേഖ ജി.ഒ (എം.എസ്) നമ്പർ 80/2017 ത.സ്വ.ഭ.വ തി:03-04-2017 പ്രകാരം വിവാഹ ധനസഹായം ഒരു വ്യക്തിക്ക് നൽകേണ്ട തുകയുടെ പരിധി 75000 രൂപയായി ഉയർത്തിയിട്ടുണ്ട്. ആയതിന് 01-04-2017 മുതലാണ്

പ്രാബല്യം. എന്നാൽ മുകളിൽ കാണിച്ച ഗുണഭോക്താവിന്റെ മകളുടെ വിവാഹം 01-04-2017 ന് മുന്നേ നടന്നതാണെങ്കിലും, 01-04-2017 ന് ശേഷം നിലവിലുണ്ടായിരുന്ന നിരക്കിലാണ് ധനസഹായം അനുവദിച്ചത്.

മേൽ ഗുണഭോക്താവിന് അധിക നിരക്ക് അനുവദിച്ചതിന് ആധാരമായ അനുമതി ഉത്തരവ് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 6/21-01-2019) ന് മറുപടി ലഭ്യമാക്കിയില്ല. കൃത്യ സമയത്ത് അപേക്ഷ സമർപ്പിക്കേണ്ടത് ഗുണഭോക്താവിന്റെ ചുമതലയാണ്. ധനസഹായത്തിന് അപേക്ഷ നൽകിയത് വൈകിയായാലും വിവാഹ ധനസഹായം നൽകേണ്ടത് വിവാഹം നടന്ന തിയ്യതിയുടെ അടിസ്ഥാനത്തിലാണെന്നുള്ളത് വളരെ വ്യക്തമാണ്. ഗുണഭോക്താവിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചക്ക് അധിക ധനസഹായം അനുവദിക്കുന്നത് യുക്തിസഹമല്ല. അർഹമായതിലും അധികമായി നൽകിയ വിവാഹ ധനസഹായം 25,000/- രൂപ ബന്ധപ്പെട്ടവരിൽ നിന്ന് ഇടാക്കി പഞ്ചായത്ത് ഫണ്ടിൽ തിരികെ അടവാക്കേണ്ടതാണ്. അധിക ചെലവ് 25,000/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-8 കുടിവെള്ള ടാങ്ക് നൽകൽ എസ്.സി വനിത - പദ്ധതി നിർവഹണത്തിലെ അപാകതകൾ

| | |
|---|---|
| പദ്ധതി | കുടിവെള്ള ടാങ്ക് നൽകൽ എസ്.സി വനിത,207/18 |
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| ചെലവ് | ബി.നം. 16/17-18 തിയതി. 15.03.2018 – 21500/-<br>ബി.നം. 18/17-18 തിയതി. 28.03.2018 – 1,98,950/- |
| റിമാർക്സ് | സബ്സിഡി തുക 2150X103 മേൽ പരാമർശിച്ച ബില്ലുകൾപ്രകാരവും ഗുണഭോക്തൃ വിഹിതം 750X103 രൂപ 77,250/- രൂപ ചെ.നം. 013254/03.05.2018 പ്രകാരവും ബഡ്ജറ്റ് ഹോംസ് എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകി. |

മേൽ പദ്ധതിക്കായി കുടിവെള്ള ടാങ്കുകൾ വിതരണം ചെയ്യാൻ തയ്യാറുള്ള സ്ഥാപനങ്ങൾ/ വ്യക്തികൾ എന്നിവരിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ചുകൊണ്ട് 07.12.2017 ൽ പരസ്യം നൽകിയിരുന്നു. ഈ പരസ്യത്തിൽ പി.വി.സി, ഐ.എസ്.ഐ അംഗീകൃതം, 500 ലിറ്റർ കുടിവെള്ള ടാങ്ക് നൽകുവാൻ താത്പര്യമുള്ളവരിൽ നിന്നാണ് ടെണ്ടർ ക്ഷണിച്ചത്. ഇതു പ്രകാരം രണ്ട് സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചു. സ്ഥാപനങ്ങൾ സമർപ്പിച്ച ടെണ്ടറിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.VICTORIA POLYFORM, KAIPULLY.P.O, THRISSUR

| Sl NO | Description | Capacity | Standared | Warranty | Price/Unit |
|---|---|---|---|---|---|
| 1 | ISI TANK Brand Name- OCEAN<br>2 layer | 500 Ltr | ISI<br>18.00 Kg | 10 years | 3400/- |
| 2 | ISO TANK Brand Name- OCEAN<br>2 layer | 500 Ltr | ISO<br>12.50 Kg | 10 years | 2750/- |
| 3 | ISO TANK Brand Name- CLASSIC<br>2 layer | 500 Ltr | ISO<br>10.25 Kg | 10 years | 2100/- |
| 4 | ISO TANK Brand Name- TRIVENI<br>2 layer | 500 Ltr | ISO<br>9.25 Kg | 10 years | 1800/- |

2.BUDGET HOMES, KUTTOOLI

| Sl NO | Description | Colour | Weight | Lid | Amount |
|---|---|---|---|---|---|
| 1 | 500 Ltre Water Tank | Black | 11Kg | Thred | 2900/- |
| 2 | 500 Ltre Water Tank | Black | 9Kg | Thred | 2500/- |

പദ്ധതി നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1.ടെണ്ടറുകൾ പരിശോധിച്ച് താരതമ്യ പട്ടിക തയ്യാറാക്കുകയോ ടാങ്ക് ഏത് സ്ഥാപനത്തിൽ നിന്ന് വാങ്ങണമെന്നത് ഭരണ സമിതി അംഗീകരിക്കുകയോ ചെയ്തിട്ടില്ല.
2.ഫയൽ പരിശോധിച്ചതിൽ ഭരണ സമിതിയുടെ തീരുമാനമില്ലാതെ തന്നെ ടെണ്ടർ പരസ്യത്തിൽ ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ ഇല്ലാഞ്ഞിട്ടും BUDGET HOMES, KUTTOOLI എന്ന സ്ഥാപനത്തിൽ നിന്നും ഒരു ടാങ്കിന് 2,900/- രൂപ നിരക്കിൽ 103 ടാങ്കുകൾ വാങ്ങി വിതരണം ചെയ്തതായി കാണുന്നു (2689/ 01.03.2018- 10 ടാങ്ക് , 2893/26.03.2018 പ്രകാരം 93 ടാങ്ക് ) .
( BUDGET HOMES, KUTTOOLI എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടറിൽ തങ്ങൾ വിതരണം ചെയ്യുന്ന ടാങ്കിന് ഐ.എസ്.ഐ അംഗീകാരമുള്ളതായി അവകാശപ്പെട്ടിട്ടില്ല)
3.വിതരണം ചെയ്ത ടാങ്കിന്റെ വാറണ്ടി സംബന്ധിച്ചും വ്യക്തതയില്ല.
ഇതിനേക്കാൾ കുറഞ്ഞ വിലക്ക് 10 വർഷത്തെ വാറണ്ടിയുള്ള ISO TANK Brand Name- OCEAN 2 layer 12.50 Kg ടാങ്ക് 2,750/- രൂപക്ക് വിതരണം ചെയ്യാൻ തയ്യാറായ VICTORIA POLYFORM, KAIPULLY.P.O, THRISSUR എന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിക്കാത്തതിന് കാരണം വ്യക്തമല്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (12 /23.01.2019) മറുപടി ലഭ്യമാക്കിയില്ല. BUDGET HOMES, KUTTOOLI എന്ന സ്ഥാപനത്തിൽ നിന്നും ടാങ്ക് വാങ്ങാൻ തീരുമാനിച്ചതായുള്ള വിവരവും ഫയലിൽ ലഭ്യമല്ല. ഇപ്രകാരം വാങ്ങിയതിലൂടെ ഏറ്റവും ചുരുങ്ങിയത് 15450/- ( 150X103) രൂപയുടെ നഷ്ടം വന്നിട്ടുണ്ട്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-9 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| പദ്ധതി | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്<br>പ്രൊജക്ട് നമ്പർ 100/18 |
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| ചെലവ് | 2,64,900/- രൂപ (എസ്.സി.പി) |
| ബിൽ നമ്പർ | ബി.നം. 1/17-18 തിയതി. 30.06.2017- 1,74,930/- രൂപ<br>ബി.നം. 17/17-18 തിയതി. 15.03.2018- 89,970/- രൂപ |

മേൽ പദ്ധതിയുടെ ഭാഗമായി 89,970/- രൂപ ചെലവഴിച്ചുകൊണ്ട് (ബി.നം.17/17-18 തിയതി 15.03.2018) മൂന്ന് ACER LAP TOP, COMPUTER വാങ്ങിയിട്ടുണ്ട് ( ഇൻവോയ്സ് 77/15.03.2018, DIYA COMPUTERS). എന്നാൽ ഇവ വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ഗുണഭോക്താക്കളുടെ അപേക്ഷ , അനുബന്ധ രേഖകൾ, ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 8 /21.01.2019 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയത് പരിശോധനക്ക് ഹാജരാക്കിയില്ല. ആയതിനാൽ 89,970/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.
(ബി.നം. 1/17-18 തിയതി. 30.06.2017- 1,74,930/- രൂപ ചെലവഴിച്ച് 7 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്ത ലാപ് ടോപ്പുകൾ ദിയ കമ്പ്യൂട്ടേഴ്സ് നിലമ്പൂർ എന്ന സ്ഥാപനത്തിൽ നിന്ന് ലാപ് ടോപ്പ് ഒന്നിന് 24,990/- രൂപ എന്ന നിരക്കിലാണ് വാങ്ങിയത്. എന്നാൽ ബി.നം. 17/17-18 തിയതി. 15.03.2018- 89,970/- രൂപ ചെലവഴിച്ച് ഇതേ സ്ഥാപനത്തിൽ നിന്നുതന്നെ 3 ലാപ് ടോപ്പുകൾ വാങ്ങിയിട്ടുള്ളത് ലാപ് ടോപ്പ് ഒന്നിന് 29, 990/- രൂപ എന്ന നിരക്കിലാണ് . ഒരേ പദ്ധതിക്കായി ഒരേ സ്ഥാപനത്തിൽ നിന്ന് തന്നെ വ്യത്യസ്ത നിരക്കിലുള്ള ലാപ് ടോപ്പ് വാങ്ങിയതിനുള്ള കാരണവും വ്യക്തമല്ല. )
നഷ്ടതുക 89,970/- രൂപ ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-10 പൊതു മരാമത്ത് പ്രവൃത്തികൾ; അവലോകനം

I) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല

2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 249പദ്ധതികൾ തയ്യാറാക്കിയെങ്കിലും 210 പ്രൊജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിഭാവനം ചെയ്ത പദ്ധതികളിൽ 84.34% പ്രൊജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 249 | ആകെ അടങ്കൽ | 39772616 |
| നടപ്പിലാക്കിയത് | 210 | ചെലവ് | 30950445 |
| ശതമാനം | 84.34 | ചെലവ് ശതമാനം | 77.82 |

ക്ലസ്റ്റർ സംവിധനമുള്ള പഞ്ചായത്തായതിനാൽ ഈ പഞ്ചായത്തിനും അരീക്കോട് പഞ്ചായത്തിനും കൂടി ഒരു അസിസ്റ്റന്റ് എഞ്ചിനീയർ മാത്രമാണ് ഉള്ളത്. ഒരു ഓവർസിയറുടെ സേവനം മാത്രമാണ് മുഴുവൻ സമയം ഈ പഞ്ചായത്തിന് ലഭ്യമായത്. വളരെ പരിമിതമായ എണ്ണം എഞ്ചിനിയറിംഗ് ജീവനക്കാർ ഇത്രയധികം പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കേണ്ടിവരുന്ന എന്നത്കൊണ്ടതന്നെ പഞ്ചായത്തിലെ പ്രവൃത്തികൾ ശരിയായ രീതിയിൽ നടപ്പാക്കുന്നതിനും പ്രവൃത്തികൾക്ക് മേൽ നോട്ടം വഹിക്കുന്നതിനും ജീവനക്കാർക്ക് സാധിക്കില്ല എന്ന് വ്യക്തമാണ്. ഇതുമൂലം തന്നെ പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും കഴിയുന്നില്ല.

പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

II.റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്റ്റിനൊപ്പവും റോഡ് കണക്റ്റിവിറ്റി മാപ്പിൽ പ്രൊജക്റ്റിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്റ്റുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

III).റോഡ് കോൺക്രീറ്റിംഗ് വ്യാപകമായി നിർവ്വഹിക്കുന്നു.

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവൂവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. എന്നാൽ 3 മീറ്ററും അതിലധികവും വീതിയുള്ള റോഡിന്റെ ഉപരിതലം പോലും കോൺക്രീറ്റിംഗ് ചെയ്യുന്നത് മഴവെള്ളം കെട്ടി നിൽക്കുന്ന പ്രദേശം, കുത്തനെ കയറ്റമുള്ള റോഡ് പ്രതലം എന്നിങ്ങനെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയാണ്. എസ്റ്റിമേറിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെയും കോൺക്രീറ്റിംഗ് വ്യാപകമായി ചെയ്യുന്നുണ്ട്.

മഴവെള്ളം ഒഴുകിപ്പോകാൻ വേണ്ടത്ര സംവിധാനങ്ങളില്ലായെന്ന വസ്തുത നിലനിൽക്കുമ്പോൾ തന്നെ നിർമ്മാണത്തിനും മെയിന്റെനൻസിനും വലിയ സാമ്പത്തിക ചെലവ് വരുത്തിവെക്കുന്ന കോൺക്രീറ്റിംഗ് അവശ്യമായ സ്ഥലങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. പഞ്ചാത്ത് ഭരണ സമിതിയും സാങ്കേതിക മേൽനോട്ടം വഹിക്കുന്ന അസി.എഞ്ചിനീയറും നിർദ്ദേശം പരിശോധിച്ച് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

IV)ചെയിനേജ് രേഖപ്പെടുത്താതെ റോഡ് പ്രവൃത്തികൾ നടത്തുന്നു.

2017-18 വർഷത്തിൽ പഞ്ചായത്തിൽ വളരെയധികം റോഡ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ഒരു പ്രവൃത്തിയിലും പ്രവൃത്തിനടത്തുന്ന റോഡിന്റെ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.

V) രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 19.01.2017 ലെ ഇ7/11350/2015/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനിയറിംഗ് ഓഫീസുകളിൽ സൂക്ഷിക്കാൻ നിർദേശിച്ച താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

1) കാഷ്ബുക്ക്

1 സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ

2 ടെണ്ടർ ഷെഡ്യൂൾ വില്പന രജിസ്റ്റർ

VI)രേഖകളുടെ സൂക്ഷിപ്പിലെ അപാകതകൾ

വിവിധ മരാമത്ത് പ്രവൃത്തികൾക്കായി കരാറുകാർ സമർപ്പിക്കുന്ന ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവയുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ എഴുതി തയ്യാറാക്കാത്തതിനാൽ ഇ.എം.ഡി,പെർഫോമൻസ് ഗ്യാരണ്ടി, അഡീഷനൽപെർഫോമൻസ് ഗ്യാരണ്ടി എന്നിവയുടെ അടവ്, തിരിച്ചു നൽകൽ എന്നിവ പരിശോധിക്കാൻ സാധിക്കുന്നില്ല.

സർക്കാർ ഉത്തരവ് പാലിക്കാതെ പെർഫോമൻസ് ഗ്യാരണ്ടി സ്വീകരിച്ചു.

GO(P) No 429/15 (ഫിൻ ) തി. 28.09.2015 നമ്പർ ഉത്തരവ് പ്രകാരം കരാറുകാർ സമർപ്പിക്കുന്ന പെർഫോമൻസ് ഗ്യാരണ്ടിയുടെ 50% എങ്കിലും ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റ് ആയിരിക്കണമെന്ന് നിർദേശിച്ചിട്ടുണ്ടെങ്കിലും ഈ വർഷത്തിൽ നടപ്പാക്കിയ വിവിധ പ്രവൃത്തികളിൽ ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റ് ഇല്ലാതെ പെർഫോമൻസ് ഗ്യാരണ്ടി സ്വീകരിച്ചതായി കാണുന്നു. അപാകത ഒഴിവാക്കേണ്ടതാണ്.

## 3-11 മരാമത്ത് പ്രവൃത്തിക്ക് അധികം തുക നൽകി ₹ 12547 നഷ്ടം

2017-18 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ അംബേദ്കർ സാംസ്കാരിക നിലയം കെട്ടിടനിർമാണം പൂർത്തീകരണം എന്ന പ്രവൃത്തിയിൽ (പ്രൊജക്ട് നമ്പർ 85/18) സർവീസ് ടാക്സ് ഉൾപ്പെടെയുള്ള തുക കൺവീനർക്ക് നൽകിയത്മൂലം പഞ്ചായത്തിന് ₹ 12547 അധികം ചെലവായി.

വിശദ വിവരം താഴെ നൽകുന്നു

കൺവീനർ -ശ്രീ എ.പി നാഗൻ

കരാർ - 41/16-17 തി. 08.02.2017

എം ബുക്ക് - 88/16-17

ചെലവ് - ₹ 200000 ( ബിൽ നമ്പർ 162/17-18 തി. 13.03.2018 )

പ്രവൃത്തിയുടെ എം ബുക്ക് പരിശോധിച്ചതിൽ പ്രവൃത്തിയുടെ ആകെ മൂല്യനിർണ്ണയം ₹ 186362 ആണ്. എന്നാൽ കൺവീനർക്ക് സർവീസ് ടാക്സ് കൂടെ ഉൾപ്പെടുത്തി ₹ 200000 മൂല്യനിർണ്ണയം നടത്തിയാണ് പണം നൽകിയത്.

വിശദ വിവരം താഴെ നൽകുന്നു.

| | കൺവീനർക്ക് നൽകിയത് | അർഹമായത്. |
|---|---|---|
| മൂല്യ നിർണ്ണയം | 200000 | 186362 |
| - വാറ്റ് | 10000 | 9318 |
| - ആദായ നികുതി | 4000 | 3727 |
| - നി.തൊ ക്ഷേമനിധി | 2000 | 1864 |
| ബാക്കി | 184000 | 171453 |
| അധികം നൽകിയത് | | 12547 |

കൺവീനർമാർക്ക് സർവീസ് ടാക്സ് അടക്കേണ്ടതില്ലാത്തതിനാൽ ഈ ഇനത്തിൽ കൺവീനർക്ക് തുക അനുവദിച്ച് നൽകിയത് ശരിയല്ല. പ്രവൃത്തിക്ക് അധികമായി നൽകിയ തുക ₹ 12547 ഉത്തരവാദികളിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

ഇക്കാര്യം പരമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 18/24.01.2019 ന് നൽകിയ മറുപടിയിൽ തുക തിരിച്ചടക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനിയർ വ്യക്തമാക്കിയിട്ടുണ്ട്.

## 3-12 പി.ഡബ്ല്യു.ഡി മാന്വൽ നിർദേശങ്ങൾ പാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നത് 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതു

മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. ഈ ചട്ടങ്ങളിൽ മറ്റുവിധത്തിൽ വ്യക്തമായി പറഞ്ഞിട്ടുള്ള സംഗതികൾ ഒഴികെ മറ്റ സംഗതികളിൽ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം പാലിക്കേണ്ടതാണ് എന്ന് ചട്ടം 18 ൽ വ്യക്തമാക്കിയിട്ടുണ്ട്.

പൊതു മരമത്ത് വകുപ്പിൽ നിലവിൽ 2012 ലെ പൊതു മരാമത്ത് മാന്വൽ അടിസ്ഥാനമാക്കിയാണ് ഇത്തരം കാര്യങ്ങളിൽ തീരുമാനം എടുക്കുന്നത്. എന്നാൽ കരാർ ചമക്കൽ , പ്രവൃത്തി പൂർത്തീകരണ കാലാവധി, നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ചുമത്തൽ എന്നിവയിൽ പൊതുമരാമത്ത് മാന്വലിലെ നിർദേശങ്ങൾ പഞ്ചായത്തിൽ പാലിക്കുന്നില്ല എന്ന് കാണുന്നു.

കരാർ ചമക്കൽ

പൊതുമരാമത്ത് മാന്വൽ പ്രകാരം ടെണ്ടർ അംഗീരിക്കപ്പെട്ട വിവരം അറിയിച്ച് സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ കരാറുകാരൻ നോട്ടീസ് കൈപറ്റിയ തീയ്യതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ തുകയുടെ (PAC) 1% പിഴ ഈടാക്കിയാണ് കരാർ ചമക്കേണ്ടത്. (മിനിമം1000 പരമാവധി 25000) 14 ദിവസവും പിഴയോട് കൂടിയ 10 ദിവസവും കഴിഞ്ഞ് കരാർ വെക്കാത്ത പക്ഷം കരാർ റദ്ദാക്കണം, EMD കണ്ട് കെട്ടി ടെണ്ടർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികളും സ്വീകരിക്കണം.( PWD manual. ഖ.2009-6).

എന്നാൽ നിശ്ചിത കാലാവധിക്കം കരാർ ചമക്കാത്ത കരാറുകാർക്കെതിരെ PWD മാന്വൽ നിർദേശിക്കുന്ന മേൽ നടപടികൾ സ്വീകരിക്കുന്നതായി കാണുന്നില്ല. പിഴ പോലും ഈടാക്കാതെ കരാർ ചമക്കാൻ അനുവദിക്കുകയാണ് ചെയ്യുന്നത്.

പ്രവൃത്തി പൂർത്തീകരണ കാലയളവ്

പൊതുമരാമത്ത് മാന്വൽ പ്രകാരം മരാമത്തിന്റെ പൂർത്തീകരണ കാലാവധി ശാസ്ത്രീയ മാനദണ്ഡങ്ങൾ ഉപയോഗിച്ച് ശരിയായി വിശകലനം ചെയ്ത് Tender Schedule ൽ വ്യക്തമാക്കണം. കാലാവസ്ഥാ വ്യതിയാനം, പ്രവൃത്തിയുടെ മൂല്യം, നിർമ്മാണ സാമഗ്രികൾ സംഭരിക്കാനാവശ്യമായ സമയം ,വിവധ ഇനങ്ങൾക്ക് ആവശ്യമായ സമയ ക്രമം (Curing etc), മറ്റെല്ലാ ഘടകങ്ങളും സമയ പരിധി നിശ്ചയിക്കുന്നതിന് പരിഗണിക്കേണ്ടതാണ്. പൂർത്തീകരണ കാലാവധി സൈറ്റ് കൈമാറുന്ന തിയതി മുതൽക്കാണ് കണക്കാക്കുന്നത് (കേരള പൊതുമരാമത്ത് മാന്വൽ 2012 Section 2005)

എന്നാൽ പല പ്രവൃത്തികളിലും പ്രവൃത്തി പൂർത്തീകരണ കാലയളവ് നിശ്ചയിക്കുന്നതിൽ മേൽ നിർദേശങ്ങൾ പാലിക്കുന്നതായി കാണുന്നില്ല.

V.iv.കാലാവധി ദീർഘീകരണം (Extension of Time) & പിഴ

പൊതുമരാമത്ത് മാന്വൽ പ്രകാരം കരാറുകാരന്റെതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരുകയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷിക്കുമ്പോൾ പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ്സ് പീരീഡ് ആയി അനുവദിക്കാവുന്നതാണ്.

കരാറുകാരൻെറ പിഴവ് മൂലം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പൊതു മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാരൻ നിർവ്വഹണോദ്ധ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൽ ഭരണ സമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറ് മാസം, ഏതാണൊ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചുനൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ, പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാവുന്നതല്ല ഈ കാലാവധിയ്ക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവർത്തി ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. (പൊതുമരാമത്ത് വകുപ്പ് മാന്വൽ-2012 (ജി.ഒ. (പി) 13/2012/PWD/01.02.2012), സെക്ഷൻ 2112 പ്രകാരം)

എന്നാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് 2012 PWD മാന്വലിലെ മേൽ നിബന്ധനകൾ അല്ല പഞ്ചായത്തിൽ കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് നടപടിക്രമങ്ങൾ പാലിക്കുന്നതായും കാണുന്നില്ല.

പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല.

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല. കൂടാതെ പിഴ സംബന്ധിച്ച് പുതിയ PWD മാന്വൽ പ്രകാരമുള്ള നിർദേശങ്ങൾ കരാറിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

മരാമത്ത് നടത്തിപ്പുമായി ബന്ധപ്പെട്ട മേൽ അപാകതകൾ ഭവിയിൽ ആവർത്തിക്കാതിരിക്കാൽശ്രദ്ധിക്കേണ്ടതാണ്. കരാറുകാരുമായി കരാർ ചമക്കുമ്പോൾ പുതിയ PWD മാന്വൽ പ്രകാരമുള്ള നിർദേശങ്ങൾ കരാറിൽ ഉൽപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 ആനക്കല്ല് കിണർപ്രവൃത്തി - ₹ 19052 നഷ്ടം

2017-18 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ ആനക്കല്ല് കിണർ പ്രവൃത്തിയിൽ അളവ് തെറ്റായി രേഖപ്പെടുത്തിയത്മൂലം പഞ്ചായത്തിന് ₹ 19052 നഷ്ടം ഉണ്ടായി.

2017-18 വർഷത്തിൽ ആനക്കല്ല് കിണർ പ്രവൃത്തിക്കായി താഴെ പറയും പ്രകാരം രണ്ട് പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്.

| പ്രവൃത്തി | ചെലവ് | കുറിപ്പ് |
|---|---|---|
| ആനക്കല്ല് കിണർ നിർമാണം (70/18) | 199755 Bill No 107/17-18 Dt. 30.01.2018 | കിണർ ആഴംകൂട്ടി ചെങ്കല്ല് ഉപയോഗിച്ച് പടവ് നടത്തിയതിന്ശേഷം മുകളിൽ സൈഡ് കോൺക്രീറ്റ് ചെയ്യുന്നതിന് |
| ആനക്കല്ല് കിണർ പൂർത്തീകരണം 343/18 | 141842 Bill No 163/17-18 Dt. 13.03.2018 | മുമ്പ് ചെയ്തതിന്റെ മുകളിൽ സൈഡ് കോൺക്രീറ്റ് ചെയ്യുന്നതിന് |

ഗ്രാമപഞ്ചായത്ത് ഓവർസിയറുടെ സാനിദ്ധ്യത്തിൽ 23.01.2019 ന് പ്രവൃത്തി സ്ഥലം നേരിൽ പരിശോധിച്ചതിൽ പ്രവൃത്തി നടത്തിപ്പിൽ താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമായി.

1) കിണർ സൈഡ് കേൺക്രീറ്റിന്റെ ആകെ ഉയരം 9.40 മീറ്റർ

2) കിണറിന്റെ കോൺക്രീറ്റിന്റെ പുറം ആരം 2.03 മീറ്റർ

3) കിണറിന്റെ കോൺക്രീറ്റിന്റെ കനം 0.15 മീറ്റർ

എന്നാൽ നടപ്പാക്കിയ രണ്ട് പ്രൊജക്ടുകളിലായി ആകെ 9.76 മീറ്റർ ഉയരത്തിൽ സൈഡ് കോൺക്രീറ്റ് ചെയ്തതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കൂടാതെ കിണറിന്റെ ആരം, കൺക്രീറ്റിന്റെ കനം എന്നിവയിലും വ്യത്യാസങ്ങൾ ഉള്ളതായി വ്യക്തമായി.

നേരിൽ പരിശോധന നടത്തിയതനുസരിച്ച് ഈ പ്രവൃത്തിക്ക് രണ്ട് പ്രൊജക്ടുകളിലുമായി ആകെ അനുവദനീയമായ കോൺക്രീറ്റ്, ഫോം വർക്ക് എന്നിവയുടെ അളവ് താഴെ പറയുന്നു.

| | അർഹമായത് | നൽകിയത്. | അധികം |
|---|---|---|---|
| സൈഡ് കോൺക്രീറ്റ് | 17.31ക്യു.മീ (3.14x3.91x0.15x9.4) | 19.13 ക്യു.മീ (11.14+7.99) | 1.82 ക്യു.മീ |
| സൈഡ് ഫോം വർക്ക് | 233.18 ച.മീ [(3.14x4.1x9.4)+(3.14x3.8x9.4)] | 247.71 ച.മീ (147.86+99.85) | 14.53 ച.മീ |

343/18 നമ്പർ പ്രൊജക്ടിൽ കോൺക്രീറ്റിന് ക്യബിക്ക് മീറ്ററിന് ₹ 8093.26 നിരക്കിലും ഫോം വർക്കിന് ചതുരശ്ര മീറ്ററിന് ₹297.50 നിരക്കിലുമാണ് പണം നൽകിയത്. പ്രവൃത്തിക്ക് അധികം തുക നൽകിയതിന്റെ വിവരങ്ങൾ താഴെ നൽകുന്നു

| | |
|---|---|
| സൈഡ് കോൺക്രീറ്റ് | 14729.73 |

| | |
|---|---|
| | (1.82x8093.26) |
| സൈഡ് ഫോം വർക്ക് | 4322.68<br>(14.53x297.50) |
| അധികം | 19052 |

തെറ്റായ അളവ് രേഖപ്പെടുത്തിയത്മൂലം അധികം ചെലവഴിച്ച തുക ₹ 19052 അളവ് രേഖപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

കൂടാതെ പ്രവൃത്തി നടത്തിയ ഈ കിണർ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതായി കാണുന്നില്ല. സ്ഥലം പഞ്ചായത്തിന് വിട്ട് തന്നതിന്റെ രേഖയും ഓഡിറ്റിന് ലഭ്യമായില്ല. ആസ്തി പഞ്ചായത്തിന് വിട്ടുകിട്ടിയതിന്റെ രേഖ ലഭ്യമാക്കാത്തതിനാൽ ഈ പ്രവൃത്തിയുടെ അവശേഷിക്കുന്ന ചെലവ് ₹ 322545 ( 199755+141842- 19052) തടസ്സം ചെയ്യുന്നു. ആസ്തി പഞ്ചായത്തിന് വിട്ടുകിട്ടിയതിന്റെ രേഖ ( ഭൂമി വിട്ടൊഴിയൽ സംബന്ധിച്ച റവന്യൂ ഡിവിഷനൽ ഓഫീസറുടെ നടപടിക്രമം ) ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ലഭ്യമാക്കാത്ത പക്ഷം സ്വകാര്യ ഭൂമിയിൽ കിണർ നിർമിച്ച് നൽകിയതായി കണക്കാക്കി ചെലവ് തുക നിർവഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിജപ്പെടുത്തുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള ( എൻക്വയറി നം 20/24.01.2019 ) മറുപടിയിൽ അധികം നൽകിയ തുക തിരിച്ചടവാക്കുന്നതാണ് എന്ന് നിർഹണോദ്യോഗസ്ഥൻ വ്യക്തമാക്കിയിട്ടുണ്ട്.

## 3-14 ടെണ്ടർ നടപടികളിൽ സുതാര്യതയും മത്സര ക്ഷമതയും ഉറപ്പാക്കുന്നില്ല.

2017-18 വർഷത്തിൽ അംഗീകാരം ലഭിച്ച ഭൂരിപക്ഷം മരാമത്ത് പ്രവൃത്തികളും ടെണ്ടർ മുഖേനയാണ് നടത്തിയത്. അഞ്ച് ലക്ഷവും അതിന് മുകളിലും അടങ്കലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേനയും അതിൽ കുറവ് അടങ്കലുള്ളവ മാന്വൽ ടെണ്ടറും ആയാണ് പ്രവൃത്തികൾ ടെണ്ടർ ചെയ്തത്.

ഒരു പ്രവൃത്തിമാത്രമാണ് ഇ ടെണ്ടർ ചെയ്തത്. ഇതിൽ അടങ്കലിനെക്കാൾ കുറവിന് കരാറുകാർ ക്വാട്ട് ചെയ്യുകയും കരാർ ചമക്കുകയുമുണ്ടായി.

എന്നാൽ മാന്വൽ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത എണ്ണത്തിൽ എല്ലാ പ്രവൃത്തികളിലും രണ്ട് കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. എല്ലാ പ്രവൃത്തികളിലും ഒരാൾ ഒരാൾ എസ്റ്റിമേറ്റ് നിരക്കും/ എസ്റ്റിമേറ്റ് നിരക്കിനെക്കാൾ വളരെക്കുറഞ്ഞ കുറവും ക്വോട്ട് ചെയ്യുകയും അപരൻ എസ്റ്റിമേറ്റ് നിരക്കിനെക്കാൾ ഉയർന്ന നിരക്കും ക്വാട്ട് ചെയ്ത എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിന്/എസ്റ്റിമേറ്റ് നിരക്കിനെക്കാൾ വളരെക്കുറഞ്ഞ കുറവിന് കരാർ ചമക്കുകയുമാണ് ചെയ്തിരിക്കുന്നത്. കരാറുകാർ ക്വാട്ട് ചെയ്ത ഏറ്റവും ഉയർന്ന കുറവ് കേവലം 0.5 ശതമാനം മാത്രമാണ്.

2017-18 വർഷത്തെിൽ ആകെ പതിനഞ്ചിലധികം കരാറുകാർ പഞ്ചായത്തിൽ വിവിധ പ്രവൃത്തികളുടെ മാന്വൽ ടെണ്ടറിന് ടെണ്ടർ സമർപ്പിച്ചിട്ടുണ്ട് എന്നിട്ടും എല്ലാ പ്രവൃത്തികൾക്കും രണ്ട് കരാറുകാരുടെ ടെണ്ടർ മാത്രമാണ് പഞ്ചായത്തിന് ലഭിച്ചിട്ടുള്ളത് എന്നതിൽ നിന്നും, ടെണ്ടർ നിക്ക് ക്വോട്ട് ചെയ്തത് പരിശോധിച്ചതിലും കരാറുകാർ പഞ്ചായത്തിന് നഷ്ടമുണ്ടാക്കുന്നതിനായി അന്യായമായി സംഘംചേർന്നതാണ് എന്ന് വ്യക്തമാകുന്നുണ്ട്.

ഇത്തരത്തിലുള്ള ക്രമക്കേടുകൾ തടയുന്നതിന് എല്ലാ പ്രവൃത്തികളും ഇ ടെണ്ടർ ചെയ്യുന്നതും, ടെണ്ടർ പരസ്യത്തിന് കൂടുതൽ പ്രചാരം നൽകുന്നതിന് ഗവ നിർദേശിച്ച നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്ത് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 ആദായ നികുതി കുറവായി ഈടാക്കിയത് ₹ 17001 തിരിച്ചടച്ചു

2017-18 വർഷത്തിൽ കീഴപറമ്പ് ലേബർ കോൺട്രാക്റ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി നടപ്പാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്ന് 2% ആദായ നികുതി ഈടാക്കേണ്ടതിന് പകരം 1% നിരക്കിൽ ഈടാക്കിയത്മൂലം കരാറുകാർക്ക് അധികം നൽകിയ ₹ 17001ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് (നം.5/19.01.19)കരാറുകാർ ആദായ നികുതി വകുപ്പിൽ അടവാക്കി.

## 3-16 ആശ്രയ പദ്ധതി

ആശ്രയ പദ്ധതിക്കായി ബിൽ നമ്പർ.35/15.03.18 പ്രകാരം വികസന ഫണ്ടിൽ നിന്ന് 3 ലക്ഷം രൂപ ആശ്രയ പദ്ധതിയുടെ പഞ്ചായത്ത് വിഹിതമായിട്ട് സി.ഡി.എസ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക ചെലവ് ചെയ്തിട്ടില്ല. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(നം.17/24-01-19) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുകയോ, ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകുകയോ ചെയ്യാത്തതിനാൽ 3 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

ആശ്രയ പദ്ധതി നടപ്പിലാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേരും നമ്പറും | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 85000 | നെൽകൃഷി പ്രോത്സാഹനം, പ്രൊജക്ട് നമ്പർ:108/17-18 | 85000 | 0 |
| | 2017-18 | 12750 | പച്ചക്കറിക്ക് സബ്സിഡി, പ്രൊജക്ട് നമ്പർ:109/17-18 | 12750 | 0 |
| | 2017-18 | 427106 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് പഠനസഹായം , പ്രൊജക്ട് നമ്പർ:178/17-18 | 306000 | 121106 |
| | 2017-18 | 200000 | MKKHM എ.യു.പി സ്കൂൾ പത്തനാപുരം ടോയ്ലറ്റ് നിർമ്മാണം, 95/17-18 | 200000 | 0 |
| | 2017-18 | 200000 | അൽ അൻവാർ യു.പി സ്കൂൾ ടോയ്ലറ്റ് നിർമ്മാണം, 96/17-18 | 197282 | 2718 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 85000 | നെൽകൃഷി പ്രോത്സാഹനം, പ്രൊജക്ട് നമ്പർ:108/17-18 | 85000 | 0 |
| | 2017-18 | 12750 | പച്ചക്കറിക്ക് സബ്സിഡി, പ്രൊജക്ട് നമ്പർ:109/17-18 | 0 | 12750 |
| | 2017-18 | 500000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് പഠനസഹായം , പ്രൊജക്ട് നമ്പർ:178/17-18 | 500000 | 0 |
| നബാർഡ് | 2017-18 | 614000 | കല്ലായി അംഗൻവാടി കെട്ടിട നിർമ്മാണം 67/17-18 | 614000 | 0 |
| | 2017-18 | 688000 | കിണറ്റിൻകണ്ടി അംഗൻവാടി നിർമ്മാണം | 688000 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | അമ്പലക്കണ്ടി ഓത്തുപള്ളിപ്പുറായി ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | ബിൽ നം. 308/12.03.18 | 75000 | 75000 | UC ലഭ്യമായിട്ടില്ല | 0 |
| കെ.ഡബ്ല്യു.എ | കപ്പിയേടത്ത് പൈപ്പ് ലൈൻ നീട്ടൽ | ബിൽ നം. 367/17.03.18 | 50000 | 50000 | UC ലഭ്യമായിട്ടില്ല | 0 |
| കെ.ഡബ്ല്യു.എ | വട്ടിയത്ത്മൂല പൈപ്പ് ലൈൻ നീട്ടൽ | ബിൽ നം. 256/23.02.18 | 15000 | 15000 | UC ലഭ്യമായിട്ടില്ല | 0 |
| കെ.ഡബ്ല്യു.എ | ആണിയിൽമൂല-ഹിൽടോപ്പ് പൈപ്പ് ലൈൻ നീട്ടൽ | ബിൽ നം. 224/31.01.18 | 225000 | 225000 | UC ലഭ്യമായിട്ടില്ല | 0 |
| കെ.ഡബ്ല്യു.എ | കാഞ്ഞിരക്കുന്ന്-ആണിയിൽ പൈപ്പ് ലൈൻ നീട്ടൽ | ബിൽ നം. 223/31.01.18 | 75000 | 75000 | UC ലഭ്യമായിട്ടില്ല | 0 |

## 4-3 മൊബൈലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2017-18 വർഷത്തിൽ ലഭിച്ച 3830 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത്/ട്രഷറി ചലാൻ നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 3(2) | 1960 | ശ്രീ. ഹബീബ് റഹ്മാൻ, ടെക്നിക്കൽ അസിസ്റ്റന്റ് | 117060100044/06-04-2017 |
| 2015-16 | 3(2) | 1870 | ശ്രീമതി.ഷരീന ഇ, ഒ.എ | 117060101398/08-08-2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1997-98 | 37 | 2002-03 | VII.1.10(i) | തനത് ഫണ്ട് വൗച്ചർ ഹാജരാക്കിയില്ല. തുക.45000 | നടപടികൾ തുടർന്നുവരുന്നു |
| “ | 38 | “ | VII.1.10(ii) | ഉപാധിരഹിത ഫണ്ട് വിനിയോഗ ക്രമക്കേടുകൾ തുക. 36952 | ” |
| “ | 39 | “ | VII.1.10(iii) | ജനകീയാസൂത്രണം പശു വളർത്തൽ പ്രൊജക്ട് വ്യതിചലനം തുക. 32000 | ” |
| “ | 40 | “ | VII.1.10(iii) | തയ്യൽ മെഷീൻ വിതരണം അപാകതകൾ. തുക. 55250 | ” |
| “<br>1999-2000 | 41<br>11 | “<br>2004-05 | VII.1.10(iv)<br>3.10.1(ii) | തറമ്മൽ ഹരിജൻ കോളനി ശുദ്ധജല വിതരണ പദ്ധതി 75804 രൂപ കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് തുക. 229340 | ” |
| 2000-01 | 15 | 2004-05 | “ | കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് തുക. 196967 | ” |
| 1999-2000 | 15 | 2004-05 | 3.1.10.1(13) | വൈദ്യുതീകരണം-പോസ്റ്റ് വില 1.17 ലക്ഷം കൺവീനർമാർക്ക് നൽകി | ” |
| 2015-16 | | | | പട്ടികജാതി പട്ടിക വർഗ പദ്ധതികൾ പ്രവർത്തനാവലോകന റിപ്പോർട്ട് | ” |
| 2014-15 | 2(3),2(4) | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി | |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക,രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2001-02, 02-03, 03-04 | 2-5(part) | ശ്രീ. ഇ.വി പരമേശ്വരൻ, യു.ഡി.സി, തദ്ദേശ സ്വയംഭരണ വകുപ്പ്. | LF15758/ Spl.Cell/SC /D1/2010 /09.01.12 | 18738/- | -- | -- | -- | -- | -- | 18738/- |
| 2 | 2001-02, 02-03, 03-04 | 2-5(part) | ശ്രീ. മധുസൂദനൻ, യു.ഡി.സി, തദ്ദേശ സ്വയംഭരണ വകുപ്പ്. | LF15758/ Spl.Cell/SC /D1/2010 /09.01.12 | 9773/- | -- | -- | -- | -- | -- | 9773/- |

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക,രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 1999-2000 | 2-4 | കെ. നാരായണ പിള്ള, സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്. | LF16724/spl.cell /(sc5) /05/06-07-09 | 27350/- | -- | -- | -- | -- | -- | 27350/- |
| 2 | 2011-12, 12-13 | 3-18 | ശ്രീ. മുഹമ്മദ് സി, ഹെഡ്മാസ്റ്റർ, വിദ്യഭ്യാസ വകുപ്പ് | KSA11218/ Spl.cell/SC /D1/16/08.01.18 | 16000/- | 4144/20.03.17 | -- | -- | -- | 16000/- | 0 |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | 70750821 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 65329372 |
| വരവിനങ്ങളിലുള്ള നഷ്ടം | 819 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 146569 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 423097 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 2-5 | 399 | | ശ്രീ. ജോയ് ജോൺ, സെക്രട്ടറി |
| 2-6 | 420 | | |
| 3-7 | | 25000 | ശ്രീ. ജെയ് എം.എ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-9 | | 89970 | |
| 3-11 | | 12547 | ശ്രീ. ഷൌക്കത്തലി. പി, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-13 | | 19052 | |
| ആകെ | 819 | 146569 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 50552 | ഡോ. അബ്ദുള്ള. പി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-6 | 50000 | ശ്രീ. ജെയ് എം.എ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-13 | 322545 | ശ്രീ. ഷൗക്കത്തലി. പി, അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | 423097 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജോയ് ജോൺ, സെക്രട്ടറി | സെക്രട്ടറി, എടപ്പറ്റ ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല. | ഇയ്യകുളമ്പിൽ ഹൗസ്, കണിയാംപെറ്റ പി.ഒ, കൽപറ്റ പി.ഒ, വയനാട് ജില്ല, പിൻ-673124 |
| ശ്രീ. ജെയ് എം.എ, അസിസ്റ്റന്റ് സെക്രട്ടറി | അസി. സെക്രട്ടറി, കുഴിമണ്ണ ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല. | മുളയംകുടത്ത്, കുറുമല പി.ഒ, ചേലക്കര, തൃശ്ശൂർ ജില്ല, പിൻ-680586 |
| ശ്രീ. ഷൗക്കത്തലി. പി, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, കിഴപറമ്പ് ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല. | പാറക്കൽ ഹൗസ്, ചേലക്കോട്, ഊർങ്ങാട്ടിരി പി.ഒ, മലപ്പുറം ജില്ല, പിൻ-673639 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന | റിമാർക്ക്സ് |
|---|---|---|---|

| | | ഖണ്ഡികകളുടെ എണ്ണം | |
|---|---|---|---|
| 1992-93,1993-94 | കെ.എസ്.എ.എം.പി.എം22/1739/2016 തി.19-01-2018 | 33 | |
| 1994-95 | കെ.എസ്.എ.എം.പി.എം22/1739/2016 തി.19-01-2018 | 3 | |
| 1995-96 | കെ.എസ്.എ.എം.പി.എം22/1739/2016 തി.19-01-2018 | 2 | |
| 1996-97 | കെ.എസ്.എ.എം.പി.എം22/1739/2016 തി.19-01-2018 | 5 | |
| 1997-98 | കെ.എസ്.എ.എം.പി.എം22/1739/2016 തി.19-01-2018 | 11 | |
| 1998-99 | കെ.എസ്.എ.എം.പി.എം22/1739/2016 തി.19-01-2018 | 20 | |
| 1999-2000 | കെ.എസ്.എ.എം.പി.എം22/1739/2016 തി.19-01-2018 | 17 | |
| 2000-01 | എൽ.എഫ്.എം.6/961/13 തി:30.01.2014 | 11 | |
| 2001-02 | എൽ.എഫ്.എം.6/961/13 തി:30.01.2014 | 5 | |
| 2002-03 | എൽ.എഫ്.എം.15/99/08 തി:06.12.2008 | 5 | |
| 2003-04 | എൽ.എഫ്.എം.6/961/13 തി:05.01.2014 | 9 | |
| 2004-05 | എൽ.എഫ്.എം.15/2298/08 തി:24.04.2009 | 10 | |
| 2005-06 | എൽ.എഫ്.എം.6/408/15 തി:19.05.2015 | 9 | |
| 2006-07 | എൽ.എഫ്.എം.15/940/10 തി:01.11.2010 | 12 | |
| 2007-08, 2008-09, 2009-10 | എൽ.എഫ്.എം.6/1614/12 തി:12.07.2012 | 22 | |
| 2010-11 | എൽ.എഫ്.എം.6/1771/13 തി:31.05.2014 | 12 | |
| 2011-12,12-13 | എൽ.എഫ്.എം.6/1110/15 തി:29.08.2016 | 14 | |
| 2013-14, 14-15 | കെ.എസ്.എ.എം.പി.എം.6/2113/16 തി. 24-08-2017 | 27 | |
| 2015-16 | കെ.എസ്.എ.എം.പി.എം.6/3458/16 തി. 19-04-2018 | 14 | |
| 2016-17 | കെ.എസ്.എ.എം.പി.എം22/2003/2017 തി.04-10-2017 | 15 | |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
ഇ-മെയിൽ: dompm.ksad@kerala.gov.in
പിൻ- 676 505 ഫോൺ: 0483-2734951

തീയ്യതി

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ

അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ കീഴുപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്